## സുറിയാനി ക്രിസ്ത്യാനികളുടെ

# ഹാശാ ആഴ്ചയിലെ

## നമസ്ക്കാര പുസ്തകം

### കുടുംബപ്രാർത്ഥന

ക്രോഡീകരിച്ചത് ജോയിക്കുട്ടി, ഡിട്രോയിറ്റ്

# സുറിയാനി ക്രിസ്ത്യാനികളുടെ

# ഹാശാ ആഴ്ചയിലെ

## നമസ്ക്കാര പുസ്തകം

### കുടുംബപ്രാർത്ഥന

**P.P. JOYKUTTY**
**2686 ATHENA Dr.,TROY, MI-48083-2468**
**248-740-4923 (H), 248-346-4785 (C)**
**anujanmon@cs.com**
**www.joykuttydetroit.net**

April 19, 2011

# ഉള്ളടക്കം


| | | |
|---|---|---|
| 1. | സന്ധ്യ | 4 |
| 2. | പീഡാനുഭവ ആഴ്ചയിലെ കൗമകൾ | 20 |
| 3. | പ്രഭാതം | 29 |
| 4. | മാലാഖമാരുടെ സ്തുതിപ്പ് | 41 |
| 5. | പ്രഭാത സ്തുതിപ്പ് | 46 |
| 6. | ഉച്ച | 50 |

# സന്ധ്യ

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.
ആദിമുതൽ ഇന്നുമെന്നേക്കും തന്നെ. ആമ്മീൻ

തന്റെ മഹത്വം കൊണ്ട് സ്വർഗ്ഗത്തിലും ഭൂമിയിലും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.
ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനുമാകുന്നു. ഉയരങ്ങളിൽ സ്തുതി.

ഹാശാ ആഴ്ചയിൽ ഓശാന ഞായറാഴ്ച മുതൽ ബുധനാഴ്ച വെരെ ചൊല്ലേണ്ടത്:-

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.
ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.
ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

അല്ലങ്കിൽ

പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.

എന്റെ കർത്താവേ! സ്തുതി, പിതാവിനു ബഹുമാനവും ശുദ്ധമുള്ള റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളായ ഞങ്ങളുടെ മേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. കർത്താവേ സ്തുതി, കർത്താവേ സ്തുതി, എന്നേക്കും ഉള്ള ശരണവുമേ സ്തുതി, ബാറെക്മോർ.

അല്ലങ്കിൽ

(ലൊക്മോർ തെശുട്ദുഹത്തോ)

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യംശരണവുമേ!സ്തോത്രം-ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. ദോഷത്തിൽ നിന്നും രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

## അപേക്ഷ

സ്വ ഇഷ്ടത്താൽ കഷ്ടാനുഭവത്തിനു എഴുന്നള്ളി കത്ത്യസ്ലീബാ + യാൽ ലോകത്തിനു രക്ഷയുണ്ടാക്കി എന്ന കത്താവേ! കരുണ ചെയ്യേണമെ.

ലോകത്തിലേക്ക് എഴുന്നള്ളി കത്താവിന്റെ തിരുമേനി കൊണ്ട് രഹസ്യങ്ങളേയും സദൃശ്യങ്ങളേയും ഉപമകളേയും തികച്ചു എന്ന ദൈവമേ! കരുണ ചെ യ്യേണമെ.

ഊറശ്ലേമിൽ വെച്ചു കത്താവിന്റെ കഷ്ടാനുഭവത്തെ അവർ കാണുമെന്നു ശ്ലീഹന്മാരോടു മുമ്പുകൂട്ടി അറിയച്ചവനായ കത്താവേ! കരുണ ചെയ്യേണമെ.

സകലത്തിന്മേലും ഉടയവനായ കത്താവ് സ്വ ഇഷ്ടത്താൽ മനുജനായിത്തീന്ന കത്താവേ! കരുണ ചെയ്യേണമെ.

ദോഷപൊറുതിയുടെ ബലിയായി തന്നെത്തന്നെ ചമച്ചു ലോകത്തോടു സ്വപിതാവിനെ യോജിപ്പിച്ചു എന്ന ദൈവമേ! കരുണ ചെയ്യേണമെ.

ഞങ്ങളുടെ രക്ഷിതാവായ മ്ശിഹാതമ്പുരാനേ കത്താവിന്റെ കഷ്ടാനുഭവത്താൽ ദുഃഖിച്ചു എന്ന കത്താവിന്റെ സഭ കത്താവിന്റെ ഉയത്ത്എഴുന്നേല്പിൽ സന്തോഷിക്കയും അതിന്റെ പ്രജകൾ കത്താവിൽ നിന്നു വാഴ്വുകളെ കൈക്കൊള്ളുകയും ചെയ്യുമാറാകണമെ

നമ്മുടെ രക്ഷയ്ക്കായിട്ടു താഴാഴ്മയ്ക്കു എഴുന്നള്ളിയവനും ഗോഗുൽത്തായിൽ വെച്ചു കുരിശിൽ തൂങ്ങപ്പെട്ടവനുമായ മ്ശിഹാതമ്പുരാനേ നാം സ്തോത്രം ചെയ്യേണം.

ഞങ്ങളുടെ രക്ഷിതാവായ മ്ശിഹാതമ്പുരാനേ, കത്താവിന്റെ സഭയും പ്രജകളും കത്താവിന്റെ കഷ്ടാനുഭവത്തോടു പ്രാത്ഥിക്കുന്നു.

കത്താവിന്റെ സഭയ്ക്കു വേണ്ടി കഷ്ടമനുഭവിച്ചു എന്ന നല്ല ഇടയാ, കത്താവിന്റെ സഭയുടെ പ്രാത്ഥനയെ കൈക്കൊള്ളണമേ.

കത്താവിനെ കൊല്ലുന്നതിന് ആലോചിച്ചു കൂടിയ ജനം കത്താവിന്റെ ന്യായവിസ്താരത്തിൽ കുറ്റമേൽക്കുമ്പോൾ കത്താവേ കത്താവിലും കത്താവിന്റെ കഷ്ടാനുഭവത്തിലും ഏറ്റു പറഞ്ഞിട്ടുള്ള ജനങ്ങൾ കത്താവിന്റെ മോക്ഷത്തിൽ സന്തോഷിക്കുമാറാകണമെ

കഷ്ടാനുഭവത്തിനും കുരിശിൽ തറപ്പിനും മരണത്തിനും എഴുന്നള്ളിയവനായ മ്ശിഹാതമ്പുരാനേ ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളുടെ ആത്മാക്കളിന്മേൽ കരുണ ചെയ്യേണമെ.

മേൽപ്പട്ടക്കാരനും കാഴ്ചയായി തന്നെത്താൻ അണച്ചവനും പ്രധാന മേലദ്ധ്യക്ഷനും കുറ്റമില്ലാത്ത ആദ്യഫലവും കാഴ്ചയായി അണയ്ക്കപ്പെടുന്നവനും കൈകൊള്ളുന്നവനും ബലികളുടെ ഉടയവനും കൊല്ലപ്പെട്ട കുഞ്ഞാടും സകല ബലികളും കൈക്കൊള്ളുന്ന പ്രധാനാചാര്യനുമാകുന്ന ദൈവമേ കരുണ ചെയ്യേണമെ.
ഞങ്ങളെ സ്വാതന്ത്ര്യമാക്കുവാൻ സ്വ പുത്രനെ അയച്ച പിതാവിനു സ്തുതി.
എബ്രായ സഭയുടെ അശുദ്ധതയെ പരസ്യമാക്കിയ പുത്രനു വന്ദനം.
പുറജാതികളുടെ ഇടയിൽ അതിനെ പരിഹാസമാക്കി എന്നന്നേക്കും തന്നെ സ്തുതിപ്പാൻ ശുദ്ധമുള്ള സഭയെ തിരഞ്ഞെടുത്തു എന്ന ശുദ്ധമാള്ള റൂഹായ്ക്കു സ്തോത്രം.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊുണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊുണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

## അല്ലങ്കിൽ

പീഡാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഡാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഡാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.

എന്റെ കർത്താവേ! സ്തുതി, പിതാവിനു ബഹുമാനവും ശുദ്ധമുള്ള റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളായ ഞങ്ങളുടെ മേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. കർത്താവേ സ്തുതി, കർത്താവേ സ്തുതി, എന്നേക്കും ഉള്ള ശരണവുമേ സ്തുതി, ബാറെക്മോർ.

## അല്ലങ്കിൽ

(ലൊക്മോർ തെശുദ്ദുഹത്തോ)

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യംശരണവുമേ!സ്തോത്രം-ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. ദോഷത്തിൽ നി

ന്നും രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

അപേക്ഷ

കർത്താവേ ഞങ്ങൾക്കു വേണ്ടിയുണ്ടായ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള താഴ്മയും വാഴ്ത്തപ്പെട്ടവയാകുന്നു.
സകലത്തിന്റേയും കർത്താവും ന്യായധിപതിയുമാകുന്ന കർത്താവ് തൃക്കൈകൾ മെനഞ്ഞുണ്ടാക്കിയ മണ്ണിനാൽ ദുഷിക്കപ്പെടുന്നത് ആകാശസൈന്യങ്ങൾ കണ്ടപ്പോൾ മഹാ വലിയ ഇളക്കം അവക്കുണ്ടായി.
യേശുവിന്റെ മരണത്താൽ സൃഷ്ടിയൊക്കയും നില നിൽക്കുന്ന മരണമില്ലാത്തവനെ തിരുമനസ്സാലെ കഷ്ടാനുഭവത്തിനും കർത്താവു താഴ്ത്തപ്പെട്ടു. തിരു മുറിവുകളാൽ ആദാമിന്റെ കടച്ചീട്ടിനെ കീറിക്കളഞ്ഞു.
സത്യത്തിന്റെ പിതാവായ മ്ശിഹാതമ്പുരാനെ! വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു.
ഞങ്ങൾക്കു വേണ്ടി കഷ്ടമനുഭവിച്ച കഷ്ടതയില്ലാത്തവനും പിതാവിന്റെ വാത്സല്യപുത്രനുമാകുന്ന മ്ശിഹാതമ്പുരാൻ പുകഴ്ത്തപ്പെട്ടവനും വാഴ്ത്തപ്പെട്ടവനുമാകുന്നു.
രഹസ്യമായ തന്റെ ശക്തിയാൽ ഞങ്ങളെ കാക്കുന്ന റൂഹാക്കുദിശാ തമ്പുരാൻ മഹത്വമുള്ളവനും കിരീടം ധരിക്കപ്പെട്ടവനുമാകുന്നു.
ഞങ്ങളുടെ കർത്താവേ! ഞങ്ങൾ തവ കഷ്ടാനുഭവത്തിൽ കഷ്ടമനുഭവിക്കുന്നവരും കർത്തൃരാജ്യത്തിൽ അവകാശികളുമായിത്തീരുവാൻ കർത്താവിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.
ശിഷ്യന്മാരോടുകൂടെ പെരുമാറിയവനും പാപികൾക്കു വേണ്ടി അണച്ച തന്റെ സ്വന്ത രക്തത്താൽ തന്റെ പിതാവിനെ യോജിപ്പാൻ ഹോമബലിയായിത്തീർന്നവനുമായ ദൈവത്തിന്റെ പുത്രാ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.
ഞങ്ങൾക്കു വേണ്ടി കഷ്ടാനുഭവം കൈക്കൊണ്ടു യോജിപ്പിക്കുന്ന ബലിയായിത്തീർന്ന ഞങ്ങൾക്കുള്ള മ്ശിഹാതമ്പുരാനു സ്തുതി.
ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി തന്റെ പുത്രനെ അയച്ച മറയപ്പെട്ടിരിക്കുന്ന പിതാവിനു സ്തോത്രം.

ശുദ്ധമുള്ള റൂഹാക്കുദിശാതമ്പുരാന് പുകഴ്ച. ഞങ്ങളുടെ മേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ.
അത്യുന്നതനായവനേ! കത്താവിന്റെ ആദ്ര കരുണ എത്രയോ കത്താവിനെ താഴ്ത്തി.
കുറ്റക്കാരനായ ആദാം നിമിത്തം സ്ക്കീപ്പായ്ക്കു കത്താവിനെ തന്നെ കത്താവ് ഏല്പിച്ചു.
സത്യത്തെ നിരസിച്ച സെഹിയോന്റെ പുത്രന്മാർ കത്താവിനെ പിടിച്ചു. ഞങ്ങളുടെ കത്താവേ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.
ദീഘദശിമാരുടെ വചനങ്ങളും കാഴ്ചക്കാരുടെ അറിയിപ്പുകളും കത്താവു നിവത്തിച്ചു.
കഷ്ടാനുഭവത്തിനും താഴ്മയ്ക്കും കത്താവ് എഴുന്നള്ളി, നിന്ദയുടെ കുരിശിനെ സഹിച്ച തിരുമേനിയുടെ പൂജയാൽ പിതാവിനോടു ലോകത്തെ യോജ്യതപ്പെടുത്തി എന്ന ഞങ്ങളുടെ കത്താവേ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.
ഉയരത്തിൽ മാലാഖമാർ കത്താവിനെ ശുശ്രൂഷിക്കയും കത്താവിങ്കൽ സൂക്ഷിപ്പാൻ അവർ ഭയപ്പെടുകയും ചെയ്യുന്ന മ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു.
ഭൂമിയിൽ പട്ടക്കാർ കത്താവിനെ ദുഷിക്കയും സപ്രേന്മാർ കത്താവിനെ ആക്ഷേപിക്കുകയും, സകല ജീവസുകളുടേയും തലയാകുന്ന കത്താവിന്റെ തലമേൽ അവർ കോലുകൊണ്ട് അടിക്കുകയും ചെയ്തതിനെ ക്ഷമയോടെ ഞങ്ങൾക്കുവേണ്ടി കൈക്കൊണ്ടു എന്ന ഞങ്ങളുടെ കത്താവേ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.
കത്താവിന്റെ തൊഴുത്തിന് ഞങ്ങളെ തിരിപ്പിപ്പാൻ കത്താവ് എഴുന്നള്ളി ദീഘദശിമാരുടെ രഹസ്യങ്ങൾ ഒക്കെയും നിവത്തിച്ച് കഷ്ടതകളും സ്ക്കീപ്പായും സഹിച്ചു എന്ന കത്താവിനും സ്വപിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി, ഞങ്ങളുടെ ദൈവമേ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.
സ്വഗ്ഗവും ഭൂമിയും കത്താവിനാൽ നിറയപ്പെട്ടിരിക്കുന്നു. മാലാഖമാർ കത്താവിങ്കൽ വിറയ്ക്കുന്നു. ലോകത്തെ രക്ഷിപ്പാനായി തിരുവിഷ്ടത്താൽ എഴുന്നള്ളിയപ്പോൾ അശുദ്ധതയുടെ ആചാര്യന്മാർ കത്താവിനെ കൊല്ലുവാൻ പതിയിരുന്നു. ഞങ്ങളുടെ ദൈവമേ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.

കീറ്റുശീലയോളം തന്നെത്തന്നെ താഴ്ത്തി. അഗതിയെപ്പോലെ ഭവനത്തെ യാചിച്ചു. അതിൽ രഹസ്യങ്ങളുടെ പെസഹായെ ഭക്ഷിച്ചു എന്ന മ്ശിഹാരാജാവെ! കത്താവിനും തന്നെ അയച്ച പിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി. ഞങ്ങളുടെ ദൈവമേ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.

യെഹൂദജനം പൈശൂന്യത്താൽ കത്താവിനെ നിരസിച്ചു. കത്താവിനെ കൊല്ലുവാൻ അവർ ഒരുങ്ങി.കൈക്കൂലിയാൽ കത്താവിന്റെ രക്തം അവർ വാങ്ങി. ഇതിനാൽ അവർ ചിതറപ്പെട്ടുപോയി. കത്താവേ, ഞങ്ങൾക്കു വേണ്ടിയുണ്ടായ കഷ്ടാനുഭവത്തിങ്കൽ ഞങ്ങൾ കഷ്ടമനുഭവിപ്പാനും ഞങ്ങളെ പ്രതിയുണ്ടായ താഴാഴ്മയിൽ ഞങ്ങൾ സദൃശ്യപ്പെടുവാനും, ഞങ്ങളെക്കുറിച്ചുണ്ടായ സ്ക്കീപ്പായിൽ ഞങ്ങൾ പ്രശംസിപ്പാനും, ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടിയുണ്ടായ തിരു മുറിവുകളാൽ ഞങ്ങൾ സുഖപ്പെടുവാനും ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കുന്ന തവ മരണത്താൽ ഞങ്ങൾ ജീവിപ്പാനും, ഞങ്ങളുടെ ദുഃഖത്തെ സന്തോഷമാക്കുന്ന ഉയിർത്തെഴുന്നേല്പിങ്കൽ കത്താവിനോടു കൂടെ സന്തോഷിച്ച് ആനന്ദിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

മനുഷ്യപ്രകാരം ഞങ്ങളോടു കൂടെ സഞ്ചരിച്ചവനും സ്വഭാവത്തിൽ പൂർണ്ണമായി കഷ്ടതയില്ലാത്തവനായിരുന്നിട്ടും ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി മനസ്സോടുകൂടി ജഡപ്രകാരം കഷ്ടമനുഭവിച്ചവനും, നല്ല ക്രിയകളാലും പരമാത്ഥപ്പെട്ട ഹൃദയത്താലും പാപത്തിന്റെ വികാരങ്ങളെ ഞങ്ങൾ എല്ലാവരിൽ നിന്നും തുടച്ചു വെടിപ്പാക്കുവാൻ പഠിപ്പിച്ചവനും, അനുഗ്രഹിക്കുന്നവനും, പ്രബലപ്പെട്ടവനുമായ മ്ശിഹാകത്താവേ! ആനന്ദത്താലെ ഞങ്ങൾ അട്ടഹസിച്ചു പറയുന്ന വിഗ്രഹാരാധനയിൽ നിന്നും സ്വരൂപങ്ങളുടെ അശുദ്ധതയിൽ നിന്നും ഞങ്ങളെ രക്ഷിച്ചു എന്ന കത്താവിന്റെ കഷ്ടാനുഭവമേ, സമാധാനത്താലെ വരണമെ.

തിന്മപ്പെട്ടവന്റെ ഉപായത്തിൽ നിന്നും വഞ്ചനയിൽ നിന്നും ഞങ്ങളെ വീണ്ടെടുത്തു എന്ന കത്താവിന്റെ കഷ്ടാനുഭവമേ വാഴ്ത്തപ്പെട്ടതാകുന്നു.

ഞങ്ങൾക്കു ജീവന്റേയും രക്ഷയുടേയും വഴി ആയി എന്ന വിലമതിച്ചുകൂടാത്തതും ശുദ്ധമുള്ളതുമായ കഷ്ടാനുഭവമേ, സമാധാനത്താലെ വരണമെ.

ഞങ്ങളുടെ അകൃത്യങ്ങളും കുറ്റങ്ങളും ക്ഷമിക്കപ്പെട്ടു എന്ന കർത്താവിന്റ ശുദ്ധമുള്ള കഷ്ടാനുഭവമേ, വാഴ്ത്തപ്പെട്ടതാകുന്നു.
ഞങ്ങളുടെ ബലഹീനത കർത്താവിനാൽ ബലപ്പെടുകയും ഞങ്ങളുടെ തകർച്ച കർത്താവിനാൽ ഉറയ്ക്കപ്പെടുകയും ഞങ്ങളുടെ അറിവില്ലായ്മ കർത്താവിനാൽ ബുദ്ധി പ്രാപിക്കയും ചെയ്തു എന്ന കർത്താവിന്റെ ശുദ്ധമുള്ള കഷ്ടാനുഭവമേ, സമാധാനം.
ഞങ്ങൾക്കുവേണ്ടി ജഡപ്രകാരം കഷ്ടാനുഭവങ്ങൾ അനുഭവിച്ചു എന്ന മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു.
കർത്താവിന്റെ കഷ്ടാനുഭവത്തോടു കൂടെ ഞങ്ങളും കഷ്ടമനുഭവിപ്പാനും, കർത്താവിന്റെ അപമാനത്തെ ഞങ്ങൾ വഹിപ്പാനും, കർത്താവിന്റെ താഴ്മയിൽ ഞങ്ങൾ ഉയർത്തപ്പെടുവാനും കർത്താവിന്റെ സ്ക്കീപ്പായിൽ ഞങ്ങൾ പ്രശംസിപ്പാനും കർത്താവിന്റെ സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെടുവാനും, ഞങ്ങൾ കർത്താവിന്റെ മണവറയ്ക്കു വിരുന്നിനു വിളിക്കപ്പെട്ടവരും, കർത്താവിന്റെ വിരുന്നിൽ സന്തോഷിക്കുന്നവരും ആകുവാനും, കർത്താവിന്റെ ബഹുമാനത്തിനു ചേർച്ചയും കർത്താവിന്റെ കർത്തവ്യത്തിന് വേണ്ടപ്പെടുന്നതുമായ സ്തുതിയും സ്തോത്രവും കർത്താവിനും പിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും കരേറ്റുവാനും ഞങ്ങളെ എല്ലാവരേയും യോഗ്യന്മാരാക്കിത്തീർക്കേണമെ. ആമ്മീൻ

മോറാൻ യേശുമ്ശിഹാ, ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! തവ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ! തവ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് തിരുസ്നേഹം തവ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് തന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

91 - 121 മസുമൂർ

ഉയരപ്പെട്ടവന്റെ മറയിൽ ഇരിക്കുന്നവനും , ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമേ!

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും എന്റെ സങ്കേതസ്ഥലവുമെന്നു കത്താവിനെക്കുറിച്ച് നീ പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും, വ്യത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും.

അവൻ തന്റെ തൂവലുകൾ കൊണ്ടു നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും; അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്ത് ആയിരങ്ങളും, നിന്റെ വലത്തുഭാഗത്ത് പതിനായിരങ്ങളും വീഴും.

അവ നിങ്കലേയ്ക്ക് അടുക്കയില്ല; എന്നാലോ നിന്റെ കണ്ണുകൾ കൊണ്ട് നീ കാണുക മാത്രം ചെയ്യും. ദുഷ്ടന്മാക്കുള്ള പ്രതിഫലത്തെ നീ കാണും.

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എന്റെ ശരണമായ കത്താവു താൻ ആകുന്നു.

ദോഷം നിന്നോട് അടുക്കയില്ല; ശിക്ഷ നിന്റെ വാസസ്ഥലത്തിനു സമീപിക്കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നേക്കുറിച്ച് അവന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടച്ച് ഭവിക്കാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

സപ്പത്തേയും അണലിയേയും നീ ചവിട്ടും : സിംഹത്തേയും പെരും പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും; എന്റെ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും.

ഞാൻ അവനോടു് ഉത്തരം പറയും; ഞെരുക്കത്തിൽ ഞാൻ അവ നോടുകൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും. ദീഘായുസ്സുകൊണ്ടു ഞാൻ അവനെ തൃപ്തിപ്പെടുത്തും; എന്റെ ര ക്ഷ അവനെ ഞാൻ കാണിക്കയും ചെയ്യും.

ഞാൻ പവ്വതത്തിലേയ്ക്ക് എന്റെ കണ്ണുകൾ ഉയത്തും എന്റെ സഹാ യക്കാരൻ എവിടെ നിന്നുവരും.

എന്റെ സഹായം സ്വഗ്ഗവും ഭൂമിയും സൃഷ്ടിച്ച കത്താവിന്റെ സന്നി ധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല. നിന്റെ കാവൽ ക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നു മില്ല; ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കത്താവാകുന്നു; കത്താവു തന്റെ വലത്തു കൈകൊണ്ടു നിനക്കു നിഴലിടും.

പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്ര വിക്കുകയില്ല.

കത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും : കത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കത്താവ് നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ സ്തുതി തനിക്കു യോഗ്യമാകുന്നു. ബാറെക്മോർ

അപേക്ഷ

ഉയരപ്പെട്ടവന്റെ മറയിലിരിക്കുന്നവനായ കത്താവേ! തന്റെ അനുഗ്രഹത്തിന്റെ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

സകലവും കേൾക്കുന്നവനേ! തൻെറ അനുഗ്രഹത്താൽ തന്റെ അടിയാരുടെ അപേക്ഷ കേൾക്കണമെ.

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മ്ശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു തരണമെ.

ഞങ്ങളുടെ കണ്ണുകൾ തങ്കലേയ്ക്കു നോക്കിക്കൊണ്ടിരിക്കുന്നു; ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹപരമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യേണമെ.

കത്താവേ! തിരു അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച് തവ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ; പരിശുദ്ധ സ്ലീബാ(+) ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും തിരു വലംകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമെ. തന്റെ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. തന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും ഉണ്ടാകണമെ.

തന്നെ പ്രസവിച്ച പ.മറിയാമ്മിന്റേയും, തന്റെ സകല പരിശുദ്ധന്മാരുടെയും പ്രാത്ഥനയാൽ, ദൈവമേ! ഞങ്ങളുടെ കടങ്ങൾക്കു പരി

ഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ.

വിശ്വാസപ്രമാണം

സൎവ്വ ശക്തിയുള്ള പിതാവും,
സ്വൎഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയുംസൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സൎവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിൎമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വൎഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീൎന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വൎഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കൎത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞ

ങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്നലോകത്തിലെപുതിയജീവനുമായിഞങ്ങൾനോക്കിപ്പാർക്കുന്നു ആമ്മീൻ
ബാറെക്മോർ സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

**അപേക്ഷ**

കർമ്മി: പെട്ടാങ്ങപ്പെട്ട ദൈവം തമ്പുരാനേ,
പ്രതിവാക്യം: ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കർമ്മി: തിന്മകൾ ഒക്കെയിൽ നിന്നും ദോഷങ്ങൾ ഒക്കെയിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കർമ്മി: തിന്മപ്പെട്ട മനസൊക്കെയിൽ നിന്നും വേശ്യാദോഷ ചിന്തയിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കർമ്മി: ശത്രുക്കൾ ഒക്കെയിൽ നിന്നും ചതിവിനുടെ സ്നേഹക്കാരിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കർമ്മി: പിശാചുക്കളുടെ പരീക്ഷയിൽ നിന്നും ദുഷ്ടമനുഷ്യരുടെ തിന്മകളിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കർമ്മി: അശുദ്ധപ്പെട്ട വികാരങ്ങളിൽ നിന്നും മ്ലേച്ഛതപ്പെട്ട മോഹങ്ങളിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കർമ്മി: സാത്താനടുത്ത വിചാരങ്ങളിൽ നിന്നും തിന്മപ്പെട്ട സ്വപ്നങ്ങളിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കർമ്മി: ഒളിക്കപ്പെട്ട കെണിയിൽ നിന്നും മിനുക്കടപ്പെട്ട വചനങ്ങളി

ൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: വൻ ചതിവുകളിൽ നിന്നും തിന്മപ്പെട്ട ഉത്തരപ്പിൽ നിന്നും ഇഹലോകത്തിനടുത്ത സകല പരീക്ഷകളിൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: അരിശത്തിനുടെ വടിയിൽ നിന്നും പെട്ടന്നുള്ള മരണത്തിൽ നിന്നും കോപത്തിൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: ദ്വേഷതയിൽ നിന്നും മിന്നലുകളിൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: ഇടികളിൽ നിന്നും വസന്തകളിൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: തീ നരകത്തിൽ നിന്നും കടുമപ്പെട്ട ദുഷ്കമ്മങ്ങളിൽ നിന്നും ചാകാത്ത പുഴുവിൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: കെടാത്ത തീയിൽ നിന്നും പല്ലുകടിയിൽ നിന്നും കരച്ചിലിൽ നിന്നും കയ്പുപെട്ട ഭവിതത്തിൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: തിന്മപ്പെട്ട നാഴികയിൽ നിന്നും ഉപദ്രവിക്കുന്നതായ മുഷ്ക്കരത്വത്തിൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: പഞ്ഞത്തിൽ നിന്നും പേടിയിൽ നിന്നും ഇളക്കത്തിൽ നിന്നും സഹിപ്പാൻ വയ്യാത്ത ശിക്ഷകൾ ഒക്കെയിൽ നിന്നും
പ്രതിവാക്യം: കത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

കമ്മി: “പോകുവീൻ ഞാൻ നിങ്ങളെ അറിയുന്നില്ല” എന്നുള്ള തി

രു വചനത്തിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.
കമ്മി: നിന്നിൽ നിന്നു ഞങ്ങളെ അകറ്റുന്നതായ സകലത്തിൽ നിന്നും
പ്രതിവാക്യം: കർത്താവേ!ഞങ്ങളെകാത്തുരക്ഷിച്ചു കൊള്ളേണമെ.

പരിശുദ്ധ പിതാവേ, പരിശുദ്ധ തിരുനാമത്താൽ ഞങ്ങളെ കാത്തു കൊള്ളണമെ. രക്ഷിതാവായ പുത്രാ ജയമുള്ള (+) സ്ലീബായാൽ ഞങ്ങളെ മറച്ചു കൊള്ളണമെ. പരിശുദ്ധ റൂഹാ പരിശുദ്ധ കുടിയിരിപ്പിന് ഭവനങ്ങളായ് ഞങ്ങളെ ചമയ്ക്കണമെ.
ഞങ്ങളുടെ ദൈവമായ കർത്താവേ! നേരമൊക്കെയിലും എല്ലാ സമയങ്ങളിലും ദൈവത്വത്തിന്റെ ചിറകുകളുടെ കീഴിൽ എന്നേക്കും ഞങ്ങളെ മറച്ചു കൊള്ളേണമെ. ആമ്മീൻ.

**നമസ്ക്കാരങ്ങളുടെ അവസാനം ചൊല്ലേണ്ടുന്ന അപേക്ഷ**

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏക ദൈവമേ, എന്നേക്കും ഞങ്ങളുടെ ദൈവമാകുന്നു എന്നു ഞങ്ങൾ വിശ്വസിച്ചുകൊണ്ട് അപേക്ഷിക്കുന്നു.
ഞങ്ങളുടെ നോമ്പും നമസ്ക്കാരവും ശ്ശ്രൂഷയും ആവലാതിയും കൈകൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ.
അറിവോടും അറിവുകൂടാതെയും മനസ്സോടും മനസ്സുകൂടാതെയും കർത്തൃവിരോധമായ് ഞങ്ങൾ ചെയ്തിട്ടുള്ള സകല കുറ്റങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിയ്ക്കണമെ.
കർത്താവിന് ഇഷ്ടമുള്ളതായ വിചാരത്തോടും വചനത്തോടും പ്രവർത്തിയോടും കൂടെ ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം കഴിച്ചു കൂട്ടുവാൻ ഞങ്ങൾക്ക് സഹായിക്കണമെ.
ദുഷ്ടപിശാചുക്കളുടെ പരീക്ഷകളിൽ നിന്നും അസൂയയിൽ നിന്നും ദുരാത്മാക്കളുടെ ഉപദവങ്ങളിൽ നിന്നും, ദുഷ്ടമനുഷ്യരുടെ ദുഷ്ടതയിൽ നിന്നും, ഞങ്ങളെ സങ്കടപ്പെടുത്തുന്ന സകല രോഗങ്ങളിൽ നിന്നും, കഠിനതരമായ സംഭവങ്ങളിൽ നിന്നും, ഞങ്ങൾക്കാവശ്യമായിരിക്കുന്ന ആഹാരത്തിനു മുട്ടു വരതക്കതായ ദാരിദ്ര്യത്തിൽ നിന്നും, രഹസ്യമായും പരസ്യമായുമുള്ള സകല ശത്രുക്കളിൽ നിന്നും പരീക്ഷകളിൽ നിന്നും, ദൈവമേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ
ഞങ്ങളുടേയും വിശ്വാസികളായ ഞങ്ങളുടെ വാങ്ങിപോയവരുടേയും സകല കുറ്റങ്ങളേയും പാപങ്ങളേയും ക്ഷമിയ്ക്കണമെ.

# പീഡാനുഭവ ആഴ്ചയിലെ കൗമകൾ

(ഒരു ദിവസത്തിന്റെ കൗമ തലേ ദിവസം സന്ധ്യ മുതൽ ആരംഭിക്കുന്നു)

(കൗമകൾ മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരച്ച് കുമ്പിട്ടതിനു ശേഷം എന്റെ കർത്താവേ തനിക്കു സ്തുതി .... തുടങ്ങിയതു ചൊല്ലണം. എല്ലാ കൗമായ്ക്കും ഇതു പോലെ ചൊല്ലണം)

## തിങ്കളാഴ്ച

ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ താഴ്മ വഴ്ത്തപ്പെട്ടതാകുന്നു. തന്റെ പീഡാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹാ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ +

തന്റെ പീഡാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹാ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ +

തന്റെ പീഡാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹാ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ +

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

## അല്ലെങ്കിൽ

എന്റെ കർത്താവേ! തനിക്കു സ്തുതിയും തന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരി

ക്കണമെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും മനോഗുണവും ചൊരിയണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാത്ഥന കൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കത്താവേ! തനിക്കു സ്തുതി. ഞങ്ങളുടെ കത്താവേ! തനിക്കു സ്തുതി. ഞങ്ങളുടെ ശരണവുമേ എന്നേക്കും തനിക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

# രാത്രി കൗമ

തന്റെ പീഡാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ച മ്ശിഹായെ ഈ രാത്രിയിൽ നാം സ്തോത്രം ചെയ്ത് വന്ദിക്കണം. +
തന്റെ പീഡാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ച മ്ശിഹായെ ഈ രാത്രിയിൽ നാം സ്തോത്രം ചെയ്ത് വന്ദിക്കണം. +
തന്റെ പീഡാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ച മ്ശിഹായെ ഈ രാത്രിയിൽ നാം സ്തോത്രം ചെയ്ത് വന്ദിക്കണം. +

നാഥാ! തേ, സ്തുതിയും, .... ...
സ്വർഗ്ഗസ്ഥനായ പിതാവേ!

# ചൊവ്വാഴ്ച

രക്ഷിതാവിന്റെ പീഡാനുഭവത്തിൽ ദുഃഖം അനുഭവിച്ച സഭ തന്റെ ഉയിർത്തെഴുന്നേല്പിൽ സന്തോഷിക്കയും അതിന്റെ പ്രജകൾ കത്താവിൽ നിന്ന് പാപപരിഹാരം കൈകൊള്ളുകയും ചെയ്യുമാറാകണമെ. +

രക്ഷിതാവിന്റെ പീഡാനുഭവത്തിൽ ദുഃഖം അനുഭവിച്ച സഭ തന്റെ ഉയിർത്തെഴുന്നേല്പിൽ സന്തോഷിക്കയും അതിന്റെ പ്രജകൾ കർത്താവിൽ നിന്ന് പാപപരിഹാരം കൈകൊള്ളുകയും ചെയ്യുമാറാകണമെ. +

രക്ഷിതാവിന്റെ പീഡാനുഭവത്തിൽ ദുഃഖം അനുഭവിച്ച സഭ തന്റെ ഉയിർത്തെഴുന്നേല്പിൽ സന്തോഷിക്കയും അതിന്റെ പ്രജകൾ കർത്താവിൽ നിന്ന് പാപപരിഹാരം കൈകൊള്ളുകയും ചെയ്യുമാറാകണമെ. +

നാഥാ! തേ, സ്തുതിയും, .... ...

സ്വർഗ്ഗസ്ഥനായ പിതാവേ!

# ബുധനാഴ്ച

തന്നെ കൊല്ലുന്നതിന് ഒരുമിച്ച് കൂടിയ ജനം തന്റെ ന്യായവിധിയിൽ കുറ്റം ചുമത്തപ്പെടുകയും കർത്താവിലും കർത്താവിന്റെ കഷ്ടാനുഭവത്തിലും ഏറ്റു പറഞ്ഞ ജാതികൾ തന്റെ രാജ്യത്തിൽ പ്രവേശിക്കയും ചെയ്യുമാറാകണമെ. +

തന്നെ കൊല്ലുന്നതിന് ഒരുമിച്ച് കൂടിയ ജനം തന്റെ ന്യായവിധിയിൽ കുറ്റം ചുമത്തപ്പെടുകയും കർത്താവിലും കർത്താവിന്റെ കഷ്ടാനുഭവത്തിലും ഏറ്റു പറഞ്ഞ ജാതികൾ തന്റെ രാജ്യത്തിൽ പ്രവേശിക്കയും ചെയ്യുമാറാകണമെ. +

തന്നെ കൊല്ലുന്നതിന് ഒരുമിച്ച് കൂടിയ ജനം തന്റെ ന്യായവിധിയിൽ കുറ്റം ചുമത്തപ്പെടുകയും കർത്താവിലും കർത്താവിന്റെ കഷ്ടാനുഭവത്തിലും ഏറ്റു പറഞ്ഞ ജാതികൾ തന്റെ രാജ്യത്തിൽ പ്രവേശിക്കയും ചെയ്യുമാറാകണമെ. +

നാഥാ! തേ, സ്തുതിയും, .... ...

സ്വർഗ്ഗസ്ഥനായ പിതാവേ!

# വ്യാഴാഴ്ച

തന്റെ പെസഹായാൽ പെസഹായുടെ കുഞ്ഞാടിനെ നീക്കിയതായ മ്ശിഹാ! തന്റെ പെസാഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോടു കരുണ ചെയ്യണമെ. +

തന്‍റെ പെസഹായാല്‍ പെസഹായുടെ കുഞ്ഞാടിനെ നീക്കിയതാ
യ മ്ശിഹാ! തന്‍റെ പെസാഹായാല്‍ ഞങ്ങളെ സന്തോഷിപ്പിച്ച് ഞ
ങ്ങളോടു കരുണ ചെയ്യണമെ. +
തന്‍റെ പെസഹായാല്‍ പെസഹായുടെ കുഞ്ഞാടിനെ നീക്കിയതാ
യ മ്ശിഹാ! തന്‍റെ പെസാഹായാല്‍ ഞങ്ങളെ സന്തോഷിപ്പിച്ച് ഞ
ങ്ങളോടു കരുണ ചെയ്യണമെ. +
നാഥാ! തേ, സ്തുതിയും, .... ...
സ്വര്‍ഗ്ഗസ്ഥനായ പിതാവേ!

# ദുഃഖവെള്ളിയാഴ്ച സന്ധ്യ

തന്‍റെ പീഡാനുഭവത്താല്‍ വഴിതെറ്റില്‍ നിന്ന് ഞങ്ങളെ രക്ഷിച്ചവ
നായ മ്ശിഹാ! ഞങ്ങളുടെ പ്രാര്‍ത്ഥനകള്‍ കൈക്കൊണ്ട് ഞങ്ങളോ
ട് കരുണ ചെയ്യണമെ.+
തന്‍റെ പീഡാനുഭവത്താല്‍ വഴിതെറ്റില്‍ നിന്ന് ഞങ്ങളെ രക്ഷിച്ചവ
നായ മ്ശിഹാ! ഞങ്ങളുടെ പ്രാര്‍ത്ഥനകള്‍ കൈക്കൊണ്ട് ഞങ്ങളോ
ട് കരുണ ചെയ്യണമെ.+
തന്‍റെ പീഡാനുഭവത്താല്‍ വഴിതെറ്റില്‍ നിന്ന് ഞങ്ങളെ രക്ഷിച്ചവ
നായ മ്ശിഹാ! ഞങ്ങളുടെ പ്രാര്‍ത്ഥനകള്‍ കൈക്കൊണ്ട് ഞങ്ങളോ
ട് കരുണ ചെയ്യണമെ.+
നാഥാ! തേ, സ്തുതിയും, .... ...
സ്വര്‍ഗ്ഗസ്ഥനായ പിതാവേ!

(ദുഃഖവെള്ളിയാഴ്ചയും ശനിയാഴ്ചയും രാത്രിക്ക് പ്രത്യേക കൗമകള്‍ ആണ്)

# രാത്രി ഒന്നാം കൗമാ

കര്‍ത്താവേ! കഷ്ടതയോടും ദുഃഖത്തോടും കൂടിയ തന്‍റെ പ്രാര്‍ത്ഥന
യാല്‍ ഞങ്ങളുടെ പ്രാര്‍ത്ഥനകള്‍ കൈകൊണ്ട് ഞങ്ങളോടു കരു
ണ ചെയ്യണമെ.+
കര്‍ത്താവേ! കഷ്ടതയോടും ദുഃഖത്തോടും കൂടിയ തന്‍റെ പ്രാര്‍ത്ഥന
യാല്‍ ഞങ്ങളുടെ പ്രാര്‍ത്ഥനകള്‍ കൈകൊണ്ട് ഞങ്ങളോടു കരു
ണ ചെയ്യണമെ.+

കര്‍ത്താവേ! കഷ്ടതയോടും ദുഃഖത്തോടും കൂടിയ തന്റെ പ്രാര്‍ത്ഥന യാല്‍ ഞങ്ങളുടെ പ്രാര്‍ത്ഥനകള്‍ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.+
നാഥാ! തേ, സ്തുതിയും, .... ...
സ്വര്‍ഗ്ഗസ്ഥനായ പിതാവേ!

# രാത്രി രണ്ടാം കൗമാ

കര്‍ത്താവേ! ഞങ്ങള്‍ക്കു വേണ്ടി ന്യായസ്ഥലത്തേക്ക് തന്നെ നിബ്ന്ധിച്ച സ്നേഹത്താല്‍, ന്യായവിധിയില്‍ ഞങ്ങളെ പ്രവേശിപ്പിക്കുകയോ ഞങ്ങളുടെ കടങ്ങള്‍ ഓര്‍ക്കുകയോ ചെയ്യരുതേ+

കര്‍ത്താവേ! ഞങ്ങള്‍ക്കു വേണ്ടി ന്യായസ്ഥലത്തേക്ക് തന്നെ നിബ്ന്ധിച്ച സ്നേഹത്താല്‍, ന്യായവിധിയില്‍ ഞങ്ങളെ പ്രവേശിപ്പിക്കുകയോ ഞങ്ങളുടെ കടങ്ങള്‍ ഓര്‍ക്കുകയോ ചെയ്യരുതേ+

കര്‍ത്താവേ! ഞങ്ങള്‍ക്കു വേണ്ടി ന്യായസ്ഥലത്തേക്ക് തന്നെ നിബ്ന്ധിച്ച സ്നേഹത്താല്‍, ന്യായവിധിയില്‍ ഞങ്ങളെ പ്രവേശിപ്പിക്കുകയോ ഞങ്ങളുടെ കടങ്ങള്‍ ഓര്‍ക്കുകയോ ചെയ്യരുതേ+
നാഥാ! തേ, സ്തുതിയും, .... ...
സ്വര്‍ഗ്ഗസ്ഥനായ പിതാവേ!

# രാത്രി മൂന്നാം കൗമാ

തന്റെ ന്യായവിസ്താരത്താല്‍ ഞങ്ങളുടെ മേലുള്ള ന്യായത്തീര്‍പ്പിനെ നീക്കി കളഞ്ഞ മ്ശിഹാ! ഞങ്ങളെ ന്യായവിധിയിലേക്ക് പ്രവേശിപ്പിക്കയോ ഞങ്ങളുടെ കടങ്ങള്‍ ഓര്‍ക്കുകയോ ചെയ്യരുതേ.+
തന്റെ ന്യായവിസ്താരത്താല്‍ ഞങ്ങളുടെ മേലുള്ള ന്യായത്തീര്‍പ്പിനെ നീക്കി കളഞ്ഞ മ്ശിഹാ! ഞങ്ങളെ ന്യായവിധിയിലേക്ക് പ്രവേശിപ്പിക്കയോ ഞങ്ങളുടെ കടങ്ങള്‍ ഓര്‍ക്കുകയോ ചെയ്യരുതേ.+
തന്റെ ന്യായവിസ്താരത്താല്‍ ഞങ്ങളുടെ മേലുള്ള ന്യായത്തീര്‍പ്പിനെ നീക്കി കളഞ്ഞ മ്ശിഹാ! ഞങ്ങളെ ന്യായവിധിയിലേക്ക് പ്രവേശിപ്പിക്കയോ ഞങ്ങളുടെ കടങ്ങള്‍ ഓര്‍ക്കുകയോ ചെയ്യരുതേ.+

നാഥാ! തേ, സ്തുതിയും, .... ...
സ്വര്‍ഗ്ഗസ്ഥനായ പിതാവേ!

## മാലാഖമാരുടെ സ്തുതിപ്പു കഴിഞ്ഞുള്ള കൗമാ

തള്ളിപ്പറഞ്ഞ ശെമഓന്റെ കുറ്റങ്ങള്‍ ക്ഷമിച്ചവനായ മ്ശിഹാ തന്നില്‍ ഞങ്ങള്‍ സങ്കേതപ്പെട്ടിരിക്കുന്നതിനാല്‍ ഞങ്ങളോടു കരുണ ചെയ്യണമെ.+

തള്ളിപ്പറഞ്ഞ ശെമഓന്റെ കുറ്റങ്ങള്‍ ക്ഷമിച്ചവനായ മ്ശിഹാ തന്നില്‍ ഞങ്ങള്‍ സങ്കേതപ്പെട്ടിരിക്കുന്നതിനാല്‍ ഞങ്ങളോടു കരുണ ചെയ്യണമെ.+

തള്ളിപ്പറഞ്ഞ ശെമഓന്റെ കുറ്റങ്ങള്‍ ക്ഷമിച്ചവനായ മ്ശിഹാ തന്നില്‍ ഞങ്ങള്‍ സങ്കേതപ്പെട്ടിരിക്കുന്നതിനാല്‍ ഞങ്ങളോടു കരുണ ചെയ്യണമെ.+

നാഥാ! തേ, സ്തുതിയും, .... ...
സ്വര്‍ഗ്ഗസ്ഥനായ പിതാവേ!

## പ്രഭാതം

തന്റെ പീഡാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചവനായ മ്ശിഹായെ ഈ പ്രഭാതസമയത്ത് നാം സ്തോത്രം ചെയ്തു വന്ദിക്കേണം.+

തന്റെ പീഡാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചവനായ മ്ശിഹായെ ഈ പ്രഭാവതമയത്ത് നാം സ്തോത്രം ചെയ്തു വന്ദിക്കേണം.+

തന്റെ പീഡാനുഭതത്താലും താഴ്മയാലും നമ്മെ രക്ഷിച്ചവനായ മ്ശിഹായെ ഈ പ്രഭാവസമയത്ത് നാം സ്തോത്രം ചെയ്തു വന്ദിക്കേണം.+

നാഥാ! തേ, സ്തുതിയും, .... ...
സ്വര്‍ഗ്ഗസ്ഥനായ പിതാവേ!

(പ്രഭാത നമസ്ക്കാരത്തിന്റെ അന്ത്യ കൗമായും ഇതു തന്നെ)

## മൂന്നാം മണി ആരംഭ കൗമാ

ന്യായ വിസ്താരത്തിൽ തന്റെ ദാസനാൽ ചോദ്യം ചെയ്യപ്പെട്ട മ്ശിഹാ! തന്റെ ന്യായവിധിയിൽ ദയവു തോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.+
ന്യായ വിസ്താരത്തിൽ തന്റെ ദാസനാൽ ചോദ്യം ചെയ്യപ്പെട്ട മ്ശിഹാ! തന്റെ ന്യായവിധിയിൽ ദയവു തോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.+
ന്യായ വിസ്താരത്തിൽ തന്റെ ദാസനാൽ ചോദ്യം ചെയ്യപ്പെട്ട മ്ശിഹാ! തന്റെ ന്യായവിധിയിൽ ദയവു തോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.+
നാഥാ! തേ, സ്തുതിയും, .... ...
സ്വർഗ്ഗസ്ഥനായ പിതാവേ!

# മൂന്നാം മണി അവസാന കൗമാ

ന്യായവിസ്താരത്തിൽ ദാസനാൽ പരിഹസിക്കപ്പെട്ട മ്ശിഹാ! തന്റെ ന്യായവിധിയിൽ ദയവുതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ+
ന്യായവിസ്താരത്തിൽ ദാസനാൽ പരിഹസിക്കപ്പെട്ട മ്ശിഹാ! തന്റെ ന്യായവിധിയിൽ ദയവുതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ+
ന്യായവിസ്താരത്തിൽ ദാസനാൽ പരിഹസിക്കപ്പെട്ട മ്ശിഹാ! തന്റെ ന്യായവിധിയിൽ ദയവുതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ+
നാഥാ! തേ, സ്തുതിയും, .... ...
സ്വർഗ്ഗസ്ഥനായ പിതാവേ!

# ഉച്ച അവസാന കൗമ

കർത്താവേ! തന്റെ വരവിന്റെ മഹത്വമുള്ള ദിവസത്തിൽ കള്ളനെ എന്നതുപോലെ കരുണയോടെ ഞങ്ങളെ ഓർത്തുകൊള്ളണമെ.+
കർത്താവേ! തന്റെ വരവിന്റെ മഹത്വമുള്ള ദിവസത്തിൽ കള്ളനെ എന്നതുപോലെ കരുണയോടെ ഞങ്ങളെ ഓർത്തുകൊള്ളണമെ.+
കർത്താവേ! തന്റെ വരവിന്റെ മഹത്വമുള്ള ദിവസത്തിൽ കള്ളനെ എന്നതുപോലെ കരുണയോടെ ഞങ്ങളെ ഓർത്തുകൊള്ളണമെ.+
നാഥാ! തേ, സ്തുതിയും, .... ...
സ്വർഗ്ഗസ്ഥനായ പിതാവേ!

# ഒമ്പതാം മണിയുടെ ആദ്യ കൗമാ

തന്നെ കുരിശിച്ച ജനത്തെ തന്റെ സ്ലീബായാൽ നിർമ്മൂലമാക്കിയ മ്ശിഹാ! തന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയും സങ്കേതവും ആയിരിക്കണമെ.+
തന്നെ കുരിശിച്ച ജനത്തെ തന്റെ സ്ലീബായാൽ നിർമ്മൂലമാക്കിയ മ്ശിഹാ! തന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയും സങ്കേതവും ആയിരിക്കണമെ.+
തന്നെ കുരിശിച്ച ജനത്തെ തന്റെ സ്ലീബായാൽ നിർമ്മൂലമാക്കിയ മ്ശിഹാ! തന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയും സങ്കേതവും ആയിരിക്കണമെ.+
നാഥാ! തേ, സ്തുതിയും, .... ...
സ്വർഗ്ഗസ്ഥനായ പിതാവേ!

# ഒമ്പതാം മണിയുടെ അവസാന കൗമാ

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മ്ശിഹാ! ഞങ്ങളുടെ മരിച്ചവരെ ജീവിപ്പിക്കുകയും ഞങ്ങളോടു കരുണ തോന്നുകയും ചെയ്യണമെ.+
തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മ്ശിഹാ! ഞങ്ങളുടെ മരിച്ചവരെ ജീവിപ്പിക്കുകയും ഞങ്ങളോടു കരുണ തോന്നുകയും ചെയ്യണമെ.+
തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മ്ശിഹാ! ഞങ്ങളുടെ മരിച്ചവരെ ജീവിപ്പിക്കുകയും ഞങ്ങളോടു കരുണ തോന്നുകയും ചെയ്യണമെ.+
നാഥാ! തേ, സ്തുതിയും, .... ...
സ്വർഗ്ഗസ്ഥനായ പിതാവേ!

# ദുഃഖ ശനിയാഴ്ച സന്ധ്യ മുതൽ

തന്റെ കബറടക്കത്താൽ കബറിലെ നാശത്തെ നീക്കിയ മ്ശിഹ! ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച് ഞങ്ങളുടെ കബറടക്കപ്പെട്ടവരെ ഉയിർപ്പിക്കണമെ.+

തന്റെ കബറടക്കത്താൽ കബറിലെ നാശത്തെ നീക്കിയ മ്ശിഹ! ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച് ഞങ്ങളുടെ കബറടക്കപ്പെട്ടവരെ ഉയിർപ്പിക്കണമെ.+

തന്റെ കബറടക്കത്താൽ കബറിലെ നാശത്തെ നീക്കിയ മ്ശിഹ! ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച് ഞങ്ങളുടെ കബറടക്കപ്പെട്ടവരെ ഉയിർപ്പിക്കണമെ.+
നാഥാ! തേ, സ്തുതിയും, .... ...
സ്വർഗ്ഗസ്ഥനായ പിതാവേ!

(രാത്രിയുടെ കൗമ ദുഃഖവെള്ളിയാഴ്ചയുടേതു തന്നെ)

# പ്രഭാതം

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.
ആദിമുതൽ ഇന്നുമെന്നേക്കും തന്നെ. ആമ്മീൻ

തന്റെ മഹത്വം കൊണ്ട് സ്വർഗ്ഗത്തിലും ഭൂമിയിലും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.
ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനുമാകുന്നു. ഉയരങ്ങളിൽ സ്തുതി.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്ത്യ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊൂണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്ത്യ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊൂണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്ത്യ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

അല്ലങ്കിൽ

പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.

എന്റെ കത്താവേ! സ്തുതി, പിതാവിനു ബഹുമാനവും ശുദ്ധമുള്ള റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളായ ഞങ്ങളുടെ മേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. കത്താവേ സ്തുതി, കത്താവേ സ്തുതി, എന്നേക്കും ഉള്ള ശരണവുമേ സ്തുതി, ബാറെക്മോർ.

അല്ലങ്കിൽ

(ലൊക്മോർ തെശുദ്ദുഹത്തോ)

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാത്ഥന മ്ശിഹാ!
സ്തോത്രം കത്താവേ! സ്തോത്രം കത്താവേ!
നിത്യംശരണവുമേ!സ്തോത്രം-ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. ദോഷത്തിൽ

നിന്നും രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ! കർത്താവിന്റെ ഉണർച്ചയെ കൊണ്ടാടുവാനായിട്ട് പാപത്തിന്റെ മുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ കർത്താവ് ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ള കർത്താവിന്റെ മനോഗുണത്തെ വന്ദിപ്പാനായിട്ട് മരണത്തിന്റേയും ക്ഷയത്തിന്റേയും ഉറക്കത്തിൽ നിന്ന് മരണത്തെ കർത്താവ് ജീവിപ്പിക്കണമെ. പിതാവും പുത്രനും ശുദ്ധമുള്ള റൂഹായുമേ സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും കർത്താവു തന്നെയാകുന്നു എന്നുള്ളതുകൊണ്ട് സ്തുതിക്കുന്ന സ്വർഗ്ഗീയ മാലാഖമാരുടെ കൂട്ടങ്ങളോടു കൂടെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ

## അപേക്ഷ

ഞങ്ങളുടെ പിതാവായ ആദാം നിമിത്തം കഷ്ടമനുഭവിച്ചു പറുദീസയ്ക്ക് അവനെ തിരിപ്പിപ്പാൻ തിരുമനസ്സായി എന്ന സകലത്തിന്റേയും ഉടയവനായ മഹാരാജാവേ! കർത്താവിനു സ്തുതി, അവരുടെ രോഗികളെ സൗഖ്യമാക്കിയതിനാൽ സപ്രേന്മാർ യേശുവിനു മരണം നിശ്ചയിച്ചു എന്ന സകലത്തിന്റേയും ഉടയവനായ മ്ശിഹാരാജാവേ! കർത്താവിനു സ്തുതി. സകല ജനവുമേ! വരുവീൻ നമ്മുടെ രക്ഷിതാവായ മ്ശിഹാതമ്പുരാന്റെ കഷ്ടാനുഭവത്തിൽ നാമും കഷ്ടമനുഭവിച്ചു നമുക്കു വേണ്ടി മരണശിക്ഷയെ കൈകൊണ്ടു എന്ന പരിശുദ്ധനെ നാം സ്തുതിച്ചു വന്ദിക്കണം. സകലത്തിന്റേയും ഉടയവനായുള്ളോവേ! കർത്താവിനു സ്തുതി. ഞങ്ങൾക്കു വേണ്ടി ജഡം ധരിച്ചു എന്ന വചനമായ ദൈവവും കർത്താവിന്റെ തിരു രക്തത്താൽ ഞങ്ങളെ വിലയ്ക്കു വാങ്ങി കർത്താവിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളെ രക്ഷിച്ചു എന്ന സകലത്തിന്റേയും ഉടയവനും ആയുള്ളോവേ! കർത്താവിനു സ്തുതി. ആദ്യന്തമില്ലാത്ത കർത്താവിന്റെ കൃപമൂലം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി ആദാമിന്റെ കുറ്റം നിമിത്തം ന്യായസ്ഥലത്തിൽ കുറ്റക്കാരനെപ്പോലെ നിന്നു കർത്താവിന്റെ തിരുവിഷ്ടത്താൽ സകല കഷ്ടതകളും സഹിച്ചു എന്ന ഉത്തമനായു

ള്ളോവേ! കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. സകലത്തിന്റേയും ഉടയവനായുള്ള കർത്താവിനു സ്തുതി. അവരുടെ സകല വിധ രോഗികളേയും മഹാവലിയ അതിശയത്താൽ സൗഖ്യമാക്കി ആശ്വസിപ്പിച്ചതിനു പകരം സപ്രേന്മാരും പ്രീശേന്മാരും കർത്താവിന്റെ മേൽ വഞ്ചന വിചാരിക്കുകയും യേശുവിനെ തൂക്കുവാൻ വേണ്ടി മരത്തെ അവർ ഒരുക്കുകയും അവരുടെ സകല ഹേമങ്ങളും ശിക്ഷകളും ഞങ്ങൾക്കു വേണ്ടി അനുഭവിക്കുകയും ചെയ്തു എന്ന സകലത്തിന്റേയും ഉടയവനായുള്ളോവേ! കർത്താവിനു സ്തുതി. ഊർശ്ലേമക്കൾക്കു വേണ്ടി കർത്താവു ചെയ്ത രക്ഷയ്ക്കു പകരം കഷ്ടതയും നിന്ദയുടെ സ്ക്കീപ്പായും കർത്താവിനു അവർ പകരം വീട്ടി, ഇവയെല്ലാം ഞങ്ങൾക്കു വേണ്ടി സഹിച്ചവനേ കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. ജനമൊക്കെയും നശിക്കാതിരിപ്പാനായിട്ട് എല്ലാവർക്കും വേണ്ടി ഒരുത്തൻ മരിക്കുന്നത് എത്രയും നല്ലതാകുന്നു എന്ന വഞ്ചകനായ കയ്യാപ്പാ കർത്താവിനെക്കുറിച്ചു പറഞ്ഞ വചനം സത്യമായും ദീഘ്ദർശനമായി അവർ പറഞ്ഞു. സകലത്തിനും ഉടയവാനായുള്ളോവേ! കർത്താവിനു സ്തുതി. ഭൂമിയിലേക്ക് ഇറങ്ങി ദാവീദിന്റെ മകളിൽ നിന്നു ശരീരം ധരിച്ചു ഞങ്ങളുടെ പാപമോചനത്തിനായിട്ട് കഷ്ടമനുഭവിപ്പാൻ കർത്താവിന്റെ കരുണയും സ്നേഹവും കർത്താവിനെ നിബ്ബന്ധിച്ചു എന്ന ഞങ്ങൾക്കുള്ള മ്ശിഹാതമ്പുരാനെ! കർത്താവിനു സ്തുതി. എല്ലാവരും ഉറക്കത്തിൽ നിന്ന് ഉണൎന്ന് നമുക്കു വേണ്ടി കഷ്ടമനുഭവിക്കുകയും തന്റെ കഷ്ടാനുഭവത്താൽ നമ്മുടെ കഷ്ടതകളെ മായിച്ചു കളയുകയും ചെയ്ത നമ്മുടെ കർത്താവിനെ അടങ്ങാതെ സ്തുതിക്കണം. ദൈവമേ! കർത്താവിനു സ്തുതി, കർത്താവിനു സ്തുതി, കർത്താവിനു സ്തുതി മനോഗുണമുള്ളവനേ! കർത്തൃകരുണയാൽ ഞങ്ങളോടു് മനോഗുണം ചെയ്യണമെ. ദ്രവ്യാഗ്രഹം മൂലം സ്ക്കറിയോത്തോ രാത്രിയിൽ ചെന്നു യേശുവിനെ ശിക്ഷയ്ക്കു വിധിപ്പാൻ ആഗ്രഹിച്ചിരിക്കുന്ന കൊലപാതകരോടുകൂടെ നിന്നെക്കുറിച്ചു ആലോചിച്ചു എന്ന ദൈവമേ കർത്താവിനു സ്തുതി, കർത്താവിനു സ്തുതി മനോഗുണമുള്ളവനേ! കർത്തൃകരുണയാൽ ഞങ്ങളോടു് മനോഗുണം ചെയ്യണമെ. അന്യായക്കാർ രാത്രിയിൽ സംഘം കൂടി ദൈവപുത്രനാകുന്ന യേശുവിനെ ഏതു പ്രകാരം പിടിക്കേണ്ടു എന്നു യേശുവിനെക്കുറിച്ചു അന്വേഷണം ചെയ്തു എന്ന കർത്താവിനു സ്തു

തി കർത്താവിനു സ്തുതി, കർത്താവിനു സ്തുതി, മനോഗുണമുള്ളവനേ! കർത്തൃകരുണയാൽ ഞങ്ങളോടു് മനോഗുണം ചെയ്യണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

അല്ലങ്കിൽ

പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.

എന്റെ കർത്താവേ! സ്തുതി, പിതാവിനു ബഹുമാനവും ശുദ്ധമുള്ള റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളായ ഞങ്ങളുടെ മേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ സിംഹാസനത്തിൻ മുമ്പാ

കെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. കത്താവേ സ്തുതി, കത്താവേ സ്തുതി, എന്നേക്കും ഉള്ള ശരണവുമേ സ്തുതി, ബാറെക്മോർ.

അല്ലങ്കിൽ

(ലൊക്മോർ തെശുട്ദുഹത്തോ)

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാത്ഥന മ്ശിഹാ!
സ്തോത്രം കത്താവേ! സ്തോത്രം കത്താവേ!
നിത്യംശരണവുമേ!സ്തോത്രം-ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. ദോഷത്തിൽ നിന്നും രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചു എന്ന മ്ശിഹായെ ഈ രാത്രി സമയത്തിൽ നാം സ്തോത്രം ചെയ്തു വന്ദിക്കണം
തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചു എന്ന മ്ശിഹായെ ഈ രാത്രി സമയത്തിൽ നാം സ്തോത്രം ചെയ്തു വന്ദിക്കണം
തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചു എന്ന മ്ശിഹായെ ഈ രാത്രി സമയത്തിൽ നാം സ്തോത്രം ചെയ്തു വന്ദിക്കണം

സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ.

കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. ദോഷത്തിൽ നിന്നും രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

## അപേക്ഷ

ലോകത്തിന്റെ രക്ഷിതാവായ മ്ശിഹാ തമ്പുരാനേ! യൂദന്മാരുടെ സംഘം യേശുവിന്മേൽ ശങ്ക തീരുകയും നന്മയ്ക്കു പകരം തിന്മ നിന്നോടു പകരം വീട്ടുകയും കുറ്റമില്ലാത്ത യേശുവിന് സ്ക്കീപ്പായെ നൽകുകയും അന്യായക്കാരോടു കൂടെ യേശുവിനെ എണ്ണുകയും ചെയ്കതിനാൽ അവരെ കർത്താവു ചിതറിക്കളഞ്ഞു. അവക്ക് പകരം കർതൃജനമായി ഞങ്ങളെ കൂട്ടിചേർത്തു. ശപിക്കപ്പെട്ട ജനത്തിൽ നിന്നു കർത്താവു അനുഭവിക്കുന്ന കഷ്ടതകളും മരണവും മൂലം ലോകം രക്ഷപെടുമെന്നു സത്യത്തിന്റെ കാഴ്ചക്കാരായ ദീർഘദർശിമാർ മുൻകൂട്ടി പ്രസംഗിച്ചതായ മറയപ്പെട്ട രഹസ്യങ്ങളെ ശ്ലീഹന്മാരുടെ കൂട്ടത്തിനു രാത്രിയിൽ വെളിപ്പെടുത്തി എന്ന ഞങ്ങളുടെ കർത്താവേ! കർതൃ താഴ്മയെ ഞങ്ങൾ വന്ദിക്കുന്നു.

## അപേക്ഷ

ഞങ്ങളുടെ രക്ഷകനായ മ്ശിഹാതമ്പുരാനേ! ശുദ്ധമുള്ള കർത്താവിന്റെ സഭ കർത്താവിന്റെ കഷ്ടാനുഭവദിവസങ്ങളിൽ കഷ്ടമനുഭവിച്ചുകൊണ്ട് ഇതാ അട്ടഹസിക്കുന്നു. ഞങ്ങൾക്കു വേണ്ടി ജഡം ധരിച്ചു എന്ന വചനമായ മ്ശിഹാതമ്പുരാനേ! കർത്താവിലും കർത്താവിന്റെ കഷ്ടാനുഭവത്തിലും ഞങ്ങൾ ഏറ്റു പറയുന്നു. ദൈവപുത്രാ കർത്താവിന്റെ സ്നേഹത്തിൽ നിന്നു ഞങ്ങളെ ഉപേക്ഷിക്കരുതേ: കർത്താവിന്റെ കഷ്ടാനുഭവത്തിങ്കൽ കഷ്ടമനുഭവിച്ച് ആവലാതിപ്പെടുന്ന കർത്താവിന്റെ സഭയെ കർത്താവു രക്ഷിക്കണമെ. കർത്താവിന്റെ തിരുനാമത്തെ ഏറ്റുപറകയും കർത്താവിന്റെ കഷ്ടാനുഭവത്തിങ്കൽ കഷ്ടമനുഭവിക്കുകയും ചെയ്തു എന്ന കർത്താവിന്റെ ജനത്തെ കർത്താവു ഓർത്തുകൊള്ളേണമേ. ഞങ്ങളുടെ രക്ഷിതാവേ! കർത്താവിനേയും ഞങ്ങളുടെ രക്ഷയ്ക്കായി കർത്താവിനെ അയച്ച കർതൃപിതാവിനേയും ഞങ്ങൾ സ്തുതിക്കുന്നു.

## അപേക്ഷ

കർത്താവേ! സപ്രേന്മാരും പ്രീസേന്മാരും കർത്താവിന്നു വിരോധമായി അവർ ആലോചിച്ചു. അവരുടെ രോഗികളെ സൗഖ്യമാക്കി മരിച്ചവരെ ജീവൻ നൽകി രക്ഷിച്ചതിന് പകരം മരണ ശിക്ഷ കർത്താവിനു വിധിപ്പാനായി അവർ മന്ത്രിച്ചു. ഹൃദയത്തേയും അന്തരീന്ദ്രിയങ്ങളേയും പരിശോധിച്ച് അറിയുന്നവനായ കർത്താവിനെ അവർ അറിഞ്ഞില്ല. ഞങ്ങളുടെ മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ അടിമയിൽ നിന്നു സ്വാതന്ത്ര്യപ്പെടുത്തുവാൻ ഞങ്ങൾക്കുവേണ്ടി കഷ്ടതയ്ക്കും മരണത്തിനും എഴുന്നള്ളിയവനേ! കർത്താവിനു സ്തുതി. സത്യത്തെ ദ്വേഷിച്ചവരായ യഹൂദന്മാരും അവരുടെ പ്രധാനന്മാരും കയ്യാപ്പായുടെ പക്കൽ കൂടപ്പെട്ടു ഉന്നതത്തിന്റേയും അഗാധത്തിന്റേയും കർത്താവായ തനിക്കു വിരോധമായി അവർ വിചാരിച്ചു. കുറ്റമില്ലാത്ത തനിക്ക് മരണശിക്ഷ വിധിപ്പാൻ അവർ ലജ്ജിച്ചില്ല. പാപത്തിന്റെ അന്ധതയിൽ നിന്ന് ഞങ്ങളെ രക്ഷിച്ചു സ്വാതന്ത്ര്യമാക്കുവാനായി കർത്താവിന്റെ തിരുവിഷ്ടത്താൽ കർത്താവിന്റെ തിരുമേനിയിൽ ക്ഷമയോടെ കൈക്കൊണ്ടു എന്ന ഞങ്ങളുടെ രക്ഷിതാവേ! കർത്താവിന്റെ താഴ്മയെക്കുറിച്ചു ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ! തന്റെ താഴ്മയെക്കുറിച്ച് സ്തോത്രം ചെയ്‌വാൻ ഞങ്ങളുടെ വാഴ്കളാലും നാവുകളാലും എന്തു മതിയാവും. കഷ്ടാനുഭവത്തിനും മരണത്തിനുമായി എത്രമേൽ കർത്താവിനെ തന്നെ കർത്താവു താഴ്ത്തിയോ അത്രയും തന്റെ സ്വഭാവം ഉന്നതപ്പെടുന്നതും വാഴ്ത്തപ്പെട്ടതുമാകുന്നു. സ്തുതികളുടെ ഉടയവനു സകലത്തിന്റെ കർത്താവുമേ! തന്റെ കഷ്ടാനുഭവം മൂലം ഞങ്ങളെ രക്ഷിച്ചതുകൊണ്ട് തന്റെ മഹത്വം സകല വായ്കളാലും പുകഴ്ത്തപ്പെടുന്നു. ഞങ്ങളുടെ കർത്താവേ തനിക്കു സ്തുതി.

സത്യവഴികളെ മനുഷ്യമക്കളോട് ഉപദേശിപ്പാൻ എഴുന്നള്ളി എന്ന പ്രകാശത്തിന്റെ രാജാവേ! തിരിച്ചറിവില്ലാതെ ജനം കർത്താവിനോട് എതിർത്തു, തന്റെ അതിശോഭയെ കണ്ടു രക്ഷപെടാതിരിപ്പാനായിട്ട് അവരുടെ അഹങ്കാരം മൂലം അവരുടെ കണ്ണുകളെ അവർ അടച്ചുകളഞ്ഞു. അവരുടെ ഹൃദയത്തിൽ പതിഞ്ഞിരുന്ന ക്രൂരത മൂലം നിങ്കൽ അവർ കോപപ്പെട്ടു. അവരുടെ പല്ലുകളെ കടിച്ചുകൊണ്ടു് കർത്താവിനെ കൊല്ലുവാൻ തക്കവണ്ണം കർത്താവിങ്കലേക്ക് അവർ പാഞ്ഞെത്തി, അവരുടെ രക്ഷയെ അറിയാതെ തന്നെ അവർ ഉപേ

ക്ഷിച്ചു. കത്താവിനെ കൈക്കൊണ്ടു എന്ന പുറജാതികൾ കത്താവിന്റെ സുവിശേഷത്തിൽ പ്രകാശിച്ചു. കത്താവിന്റെ രഥത്തിൻ കീഴ് പൂട്ടപ്പെട്ടിരിക്കുന്ന ക്രൂബേന്മാർ അവരുടെ ചിറകുകളിന്മേൽ കത്താവിനെ ഘോഷിക്കുന്നു. എന്നാൽ ശപിക്കപ്പെട്ട ജനം തനിക്കു സ്ക്കീപ്പായേ ഒരുക്കി. അത്രയുമല്ല, അവർ കള്ളന്മാരോടു കൂടെ മരണ ശിക്ഷയെ അവർ തനിക്കു വിധിച്ചു. ഇവയെല്ലാം ഞങ്ങൾക്കു വേണ്ടി സഹിച്ചു എന്ന രക്ഷാകരാ! തന്റെ താഴായ്മ എത്രയോ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ മരണത്തിനായി ആപ്പിടുകയും ദുഷ്ടന്മാരോടും അന്യായക്കാരോടും കൂടെ തന്നെ എണ്ണുകയും വചനത്താൽ പറഞ്ഞൊപ്പിക്കുകയും വഹിയാതവണ്ണമുള്ള സകല ശിക്ഷകളും ഹേമങ്ങളും തന്നോടു ചെയ്കയും തന്നെഉപേക്ഷിക്കയും നിന്ദയുടെ സ്ക്കീപ്പായിൽ തന്നെ തൂക്കുകയും ചെയ്തിട്ടുള്ളവർക്കു വേണ്ടി 'പിതാവേ! അവർ എന്തു ചെയ്യുന്നു എന്നു അവരറിയായ്കയാൽ അവരോട് ക്ഷമിക്കണമേയെന്ന്' തന്റെ പിതാവിനോട് അപേക്ഷിച്ചു എന്ന അനുഗ്രഹക്കാരാ! ഞങ്ങളുടെ മേൽ താൻ കരുണ ചെയ്യണമെ. ഞങ്ങൾക്കു വേണ്ടി കഷ്ടമനുഭവിച്ചു എന്ന മനോഗുണമുള്ളവനേ! തനിക്കു സ്തുതി. കണ്ടാലും തന്റെ ഇടവക മുഴുവനും തന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെട്ടു കൊണ്ട് ഇതാ തന്നെ സ്തുതിച്ചു. സ്തുതിയുടെ കിരീടം തനിക്കായി മുടയുന്നു. അതിനായിട്ട് എത്രയും കത്താവു സഹിച്ചുവോ, അത്രയും അതു തന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ കത്താവേ! തനിക്കു സ്തുതി, ഞങ്ങളുടെ കത്താവേ ആയിരങ്ങളുടെ ആയിരങ്ങളിൽ നിന്നും തനിക്കു സ്തുതി. പതിനായിരങ്ങളുടെ പതനായിരങ്ങളിൽ നിന്നും തനിക്കു സ്തുതി.തനിക്കും ഞങ്ങളുടെ രക്ഷയ്ക്കായിട്ട് തന്നെ അയച്ച പിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതിയും പുകഴ്ചയും ആദിമുതൽ എന്നുമെന്നേക്കും ആമ്മീൻ.

തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചു എന്ന മ്ശിഹായെ ഈ രാത്രി സമയത്തിൽ നാം സ്തോത്രം ചെയ്തു വന്ദിക്കണം.

തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചു എന്ന മ്ശിഹായെ ഈ രാത്രി സമയത്തിൽ നാം സ്തോത്രം ചെയ്തു വന്ദിക്കണം.

തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചു എന്ന മ്ശിഹായെ ഈ രാത്രി സമയത്തിൽ നാം സ്തോത്രം ചെയ്തു വന്ദിക്കണം.

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

## അല്ലെങ്കിൽ

എന്റെ കർത്താവേ! തനിക്കു സ്തുതിയും തന്റെ പിതാവിനു ബഹുമാ നവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കണമെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും മനോഗുണവും ചൊരിയണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെ ട്ട് മ്ശിഹായുടെ സിംഹാനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥന കൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവേ! തനിക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! തനിക്കു സ്തുതി. ഞങ്ങളുടെ ശരണ വുമേ എന്നേക്കും തനിക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

# അപേക്ഷ

തന്റെ മരണത്തെക്കുറിച്ചു ഏശായാ ദീർഘദർശി ഞങ്ങൾ വെളിപ്പെടുത്തിയ പ്രകാരം അറപ്പിനുള്ള ആടു പോലെ തന്നെ അവർ കൂട്ടിക്കൊണ്ടുപോയി. രോമം കത്രിക്കുന്നവന്റെ മുമ്പിൽ പെണ്ണാടു പോലെ താൻ മിണ്ടാതെയിരുന്നു, താൻ താഴ്മപ്പെട്ടു തന്റെ സഭയെ താൻ ഉയർത്തി. താൻ ശിക്ഷ അനുഭവിച്ച് അതിന്റെ പ്രജകളെ താൻ സ്വതന്ത്രമാക്കി. തന്റെ വിലാവിൽ നിന്നു ഒഴുകിയ രക്തത്താൽ ഞങ്ങളെ രക്ഷിച്ചതായ തനിക്കു സ്തുതി. ഞങ്ങളുടെ രക്ഷയ്ക്കായി ഉയരത്തിൽ നിന്ന് ഇറങ്ങി വന്ന ജീവനുള്ള ദൈവത്തിന്റെ കുഞ്ഞാടേ, തന്റെ പിതാവിന്റെ തോട്ടത്തിൽ മഹത്വത്തിന്റെ ഫലങ്ങളെ താൻ അന്വേഷിച്ചു വേലക്കാർ തന്നെ കണ്ടപ്പോൾ അവകാശി ഇവനാകുന്നു; വരുവീൻ നാം അവനെ കൊന്ന് അവന്റെ അവകാശം എടുക്കണം എന്ന് അവർ വിചാരിച്ചതിനാൽ അവരെ ചിതറിച്ചു. അതിനു പകരം ശുദ്ധമുള്ള സഭയെ തനിക്ക് പറഞ്ഞു നിശ്ചയിച്ചു എന്ന കർത്താവേ! താൻ വാഴ്ത്തപ്പെട്ടവനാകുന്നു. വെള്ളത്തെ നല്ല വീഞ്ഞാക്കി കൊടുത്തതിനു പകരം മരത്തിന്റെ മുകളിൽ വെച്ച് ചെറുക്കായെ തനിക്ക് അവൻ തന്നു. അപ്പം അവർക്കു സമൃദ്ധിയായി കൊടുത്തതിനു പകരം കയ്പ് തനിക്ക് അവർ പകരം വീട്ടി. തന്റെ നന്മകളെ അവർ അനുഭവിച്ചതിനു പകരം സകല തിന്മകളേയും തനിക്ക് അവർ തന്നു.ദാസന്മാരെ സ്വതന്ത്രരാക്കുവാൻ ശിക്ഷയനുഭവിച്ച യജമാനനായുള്ളോവേ തന്റെ സ്ക്കീപ്പൂസായിൽ സ്തുതി പാടുവാൻ എന്നിൽ തന്റെ ശബ്ദങ്ങളെ തോന്നിക്കേണമെ. എന്റെ വചനം തന്നിൽ നിന്നു മഹത്വം ധരിക്കുമാറാകണമെ. ഞങ്ങൾക്കു വേണ്ടി വിലാവിൽ കുത്തുകൊണ്ടപ്പെട്ട മഹോന്നതനെ! ഞങ്ങൾക്കു വേണ്ടി തന്റെ സ്നേഹം എത്ര മേൽ കഷ്ടതകൾ സഹിച്ചുവോ, അത്രയും തന്റെ സ്തുതിയെ വിസ്തരിച്ചു പറവാൻ തനിക്കു കൃപ നൽകണമെ. ന്യായവിസ്താരത്തിൽ ശബ്ദിക്കാതെ നിന്നു എന്ന ഉന്നതപ്പെടുന്നവനേ! തന്റെ അഴകിനെ വിസ്തരിപ്പാൻ എനിക്കു താൻ ശബ്ദം നൽകണമെ. ഖർത്താവേ! തന്നെ വെടിഞ്ഞവർ അടുത്തുകൂടി തന്നെ പിടിച്ചു, തന്റെ ശിഷ്യന്മാരും തന്നെ വിട്ടോടിപ്പോയി, ദുഷ്ടന്മാരും തന്നെ വളഞ്ഞു, തന്നെ അവർ വിധിച്ചു. തന്റെ മുഖത്തവർ തുപ്പി, സകല പരിഹാസങ്ങളാലും തന്റെ ചെവിയെ അവർ നിറച്ചു. ഞങ്ങളെ രക്ഷിപ്പാൻ ഞങ്ങളുടെ വർഗ്ഗത്തിനു വേണ്ടി ഇ

വയൊക്കൊയും സഹിച്ചതായ തനിക്കു സ്തുതി. തന്റെ കാലുകളെ ചുംബിച്ച ദേഷത്താളത്തീടെ പാപത്തെ ക്ഷമിച്ചതുപോലെ തന്റെ ശരീരവും രക്തവും അനുഭവിക്കുന്ന തന്റെ സഭയുടെ പാപങ്ങളേയും താൻ ക്ഷമിക്കേണമെ. സകലവും തന്നാൽ രക്ഷപെട്ടിരിക്കുന്ന രക്ഷിതാവേ! ഈശോതമ്പുരാനേ! സകലത്തിൽ നിന്നു സകലത്താലെയും തനിക്കു സ്തുതി. തനിക്കും പിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും അളവില്ലാത്ത സ്തുതി എന്നെന്നേക്കും ആമ്മീൻ.

ഹാലേലുയ്യ, ഹാലേലുയ്യ, ഹാലേലുയ്യ ദൈവമേ! തനിക്കു സ്തുതി.
ഹാലേലുയ്യ, ഹാലേലുയ്യ, ഹാലേലുയ്യ ദൈവമേ! തനിക്കു സ്തുതി.
ഹാലേലുയ്യ, ഹാലേലുയ്യ, ഹാലേലുയ്യ ദൈവമേ! തനിക്കു സ്തുതി.

കരുണയുള്ള ദൈവമേ! തന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യേണമെ. കർത്താവേ കരുണ ചെയ്ത് സഹായിക്കണമെ.

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനുസ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ എല്ലാ നേരത്തും സ്തുതി തനിക്കു യോഗ്യമാകുന്നു.

## അപേക്ഷ

ദൈവമേ മാളികയിൽ വെച്ച് തന്റെ ശിഷ്യന്മാക്ക് തിരു ശരീര രക്തങ്ങൾ നൽകി. അതിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചു കുടിപ്പിൻ എന്ന് അവരോട് അരുളിചെയ്തു. ഞാൻ പീഡ അനുഭവിക്കുന്നതിനു മുമ്പ് ഈ പെസഹാ നിങ്ങളോടൊന്നിച്ച് ഭക്ഷിപ്പാൻ വാഞ്ചയോട് ആഗ്രഹിച്ചു എന്നും സ്നേഹത്തോടെ അവരോട് കല്പിച്ചു. മാളികയിൽ വെച്ച് താനും കർത്താവിന്റെ ശിഷ്യന്മാരും മേശയ്ക്കിരുന്നപ്പോൾ വെള്ളമെടുത്ത് ദാസനെപ്പോലെ അവരുടെ കാലുകൾ കഴുകി. നിങ്ങളും ഇപ്രകാരം തമ്മിൽ തമ്മിൽ ചെയ്വിൻ എന്ന് അവരോട് അരു

ളിചെയ്ത മ്ശിഹാ തമ്പുരാനെ സ്തുതി.

# മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ സ്തുതിക്കുന്നതു പോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിക്കുന്നു.

എല്ലാ കാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ കർത്താവിനെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം കർത്താവിനു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും സ്വർഗ്ഗാധിപതിയും സൃഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ! തന്നേയും യേശുമ്ശിഹായായ ഏക പുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! വിശുദ്ധ റൂഹായോടുകൂടെ തന്നേയും തന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായ ദൈവത്തിന്റെ കുഞ്ഞാടായുള്ളോവേ! ഞങ്ങളോടു കരുണ ചെയ്യേണമെ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായുള്ളോവേ! തന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

തന്റെ പിതാവിന്റെ വലത്തുഭാഗത്തു മഹത്ത്വത്തോടുകൂടി ഇരിക്കുന്നവനേ! ദയതോന്നി ഞങ്ങളോടു കരുണ ചെയ്യേണമെ.

എന്തെന്നാൽ താൻ മാത്രം കർത്താവാകുന്നു. വിശുദ്ധ റൂഹായോടുകൂടെ യേശുമ്ശിഹാ ആയ താൻ മാത്രം പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിന് അർഹനാകുന്നു. ആമ്മീൻ.

എല്ലാകാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും തന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ തന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കയും ചെയ്യുന്നു.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. തിരു നാമം മഹത്വമുള്ളതും താൻ എന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി തനിക്കു യോഗ്യമാകുന്നു. മഹത്വം തനിക്കു യുക്തമാകുന്നു.

സകലത്തിന്റേയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ! തനിക്കും ഏക പുത്രനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും തന്നെ. ആമ്മീൻ.

ഞങ്ങളുടെ കർത്താവേശുമ്ശ്ഹാ, തന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുമ്പിൽ താൻ അടയ്ക്കരുതേ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ തന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞു പോകുവാനായിട്ട്, തന്റെ സ്നേഹം തന്റെ സ്ഥാനത്തു നിന്ന്, ഞങ്ങളുടെ അടുക്കലേക്ക് തന്നെ ഇറക്കി, ഞങ്ങളോടു കരുണ ചെയ്യണമെ.

## (51-ാം മസുമൂർ)

ദൈവമേ! തവ കൃപയിൻപ്രകാരംഎന്നോടു കരുണ ചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

തനിക്കു വിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും തന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ

എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മ യാകും. തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തി യാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾസന്തോഷിക്കും എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്ര മങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണ മേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തവ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേ ണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താ വേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് ത ന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളി ൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേ മിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടി യ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോ ൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

പീഡാനുഭവത്താൽ കഷ്ടതയില്ലായ്മയെ ഞങ്ങൾക്കു തന്നവനായ മ്ശിഹാ തമ്പുരാനേ. തന്റെ അടുക്കൽ ഞങ്ങൾ വന്നിരിക്കുന്നു. ഞ ങ്ങളോടു കരുണ ചെയ്യണമെ.

കഷ്ടതയിൽ നിന്നും മരണത്തിൽ നിന്നും പ്രകൃത്യാ ഉയന്നവനായിരിക്കെ, ഞങ്ങൾക്കു വേണ്ടി പീഢയനുഭവിച്ച മ്ശിഹാ തമ്പുരാനേ, തന്റെ അടുക്കൽ ഞങ്ങൾ വന്നിരിക്കുന്നു; ഞങ്ങളോടു കരുണ ചെയ്യണമെ.
പീഢാനുഭവത്താലും മരണത്താലും വഴിതെറ്റിൽ നിന്ന് താൻ രക്ഷിച്ച തന്റെ സഭ ഇതാ തന്നെ സ്തുതിക്കുന്നു. ദൈവമേ തന്റെ അടുക്കൽ ഞങ്ങൾ വന്നിരിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.

തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന സകല രഹസ്യങ്ങളും സാദൃശ്യങ്ങളും ഉപമകളും പൂണ്ണമായി നിവത്തിച്ച ദൈവമേ! തന്റെ അടുക്കൽ ഞങ്ങൾ വന്നിരിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.
ആദാമിനേയും മക്കളേയും രക്ഷിപ്പാൻ കഷ്ടതയും സ്ലീബായും സഹിച്ച ദൈവമേ! തന്റെ അടുക്കൽ ഞങ്ങൾ വന്നിരിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.
ഞങ്ങൾക്കുവേണ്ടിയുള്ള തന്റെ പീഢാനുഭവത്താലും മരണത്താലും സാത്താന്റെ സകല വഞ്ചനകളിൽ നിന്നും ഞങ്ങളെ രക്ഷിച്ച ദൈവമേ! തന്റെ അടുക്കൽ ഞങ്ങൾ വന്നിരിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.
ഞങ്ങളുടെ രക്ഷകനായ മ്ശിഹാ! പാപത്താലുള്ള സകല കഷ്ടതകളേയും നീക്കിയ തന്റെ പീഢാനുഭവത്തിനു സ്തുതി, മനുഷ്യരെ സ്നേഹിക്കുന്നവനേ, തന്റെ അടുക്കൽ ഞങ്ങൾ വന്നിരിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമെ.
ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, തന്റെ പീഢാനുഭവത്തിൽ പങ്കാളികളാകുവാൻ, തന്റെ കരുണ ഞങ്ങളെ ക്ഷണിച്ചിരിക്കുന്നു. ആത്മികമായ തന്റെ മണിവറയിൽ പുതിയ ജീവൻ നൽകി ഞങ്ങളെ ആനന്ദിപ്പിക്കുന്നവനായ കത്താവേ, താൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങൾ തന്നോട് ബന്ധപ്പെട്ടവരും തന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരുമായതുകൊണ്ട് തന്റെ ഉയിർത്തെഴുന്നേല്പിൽ ഞങ്ങളെ സന്തോഷിപ്പിച്ച്, തന്റെ പിതാവിന്റെ മുമ്പാകെ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.
ഞങ്ങളുടെ കത്താവേ, ന്യായധിപന്മാരുടെ ന്യായാധിപതിയാകുന്ന തന്നെ മരണശിക്ഷയ്ക്കു വിധിപ്പാൻ അശുദ്ധരായ യഹൂദാ പുരോ

ഹിതന്മാർ രഹസ്യമായി ആലോചിച്ചു. കത്താവേ! തന്റെ മരണം ദുഷ്ടനിൽ നിന്ന് ഞങ്ങൾക്കു മറവിടവും തിരുമുഖത്ത് ഏറ്റിട്ടുള്ള തുപ്പൽ ജീവന്റെ പാനീയവുമായിത്തീരണമെ. സ്നേഹത്താൽ തന്റെ തിരുമുമ്പിൽ ഞങ്ങൾ ശുശ്രൂഷിച്ചതുകൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ.

താഴ്മയിലേക്ക് സ്വയം ഇറങ്ങി വന്ന് ശരീരം ധരിക്കുകയും ആദാമിനെ അവന്റെ വീഴ്ചയിൽ നിന്ന് എഴുന്നേല്പിക്കയും ചെയ്ത ദൈവമേ, തനിക്കു സ്തുതി. ഞങ്ങളുടെ വഗ്ഗം ഉയത്തപ്പെടുവാനും പിശാചുക്കൾ വീഴുവാനുമായി, താൻ കഷ്ടതകൾ സഹിച്ചു, അന്യായക്കാരാൽ ദുഷിക്കപ്പെട്ടു, ശമറായക്കാരൻ എന്ന് താൻ വിളിക്കപ്പെട്ടു; അവർ അന്ധരാകാതിരിപ്പാൻ തന്റെ മഹാശോഭയെ മറച്ചു വെച്ചു. കത്താവു ചെയ്തിട്ടുള്ള സകല നന്മകൾക്കും പകരം, ദുഷ്ടന്മാരോടു കൂടി നിന്ദയുടെ കുരിശ് അവർ ഒരുക്കി. മനോവേദനയാൽ പ്രാത്ഥിപ്പാൻ കത്താവു മുട്ടുകുത്തി. മുഴക്കം നിറഞ്ഞ മഹാ ശബ്ദത്താൽ, തന്റെ പിതാവിനോടു താൻ പ്രാത്ഥിച്ചു. സ്രോപ്പേന്മാർ തന്റെ സാനിദ്ധ്യത്തിൽ വിറക്കുകയും അവരുടെ മുഖങ്ങൾ മൂടുകയും ചെയ്തുകൊണ്ടിരിക്കെ, തിരിച്ചറിവില്ലാത്ത ജനമായ സെഹിയോൻ പുത്രന്മാർ തന്നെ നിന്ദയുടെ കുരിശിൽ തൂക്കി. ഞങ്ങൾ അന്ധകാരത്തിൽ നിന്നു രക്ഷപെടുവാൻ ഇവയെല്ലാം സഹിച്ച മ്ശിഹാ, തനിക്കു സ്തുതി.

ദൈവത്തിൽ നിന്നുള്ള ദൈവമേ! ലോകരക്ഷിതാവേ! വെള്ളിയാഴ്ച അവർ ഗോഗുൽത്തായിൽ വെച്ച് ദൈവപുത്രനായ തന്നെ കുരിശിച്ചു. തന്റെ തലയിൽ അവർ മുൾകിരീടം വെച്ചു.

തന്റെ കൈകാലുകൾ അവർ തുളച്ചു. തനിക്ക് അവർ കാടി തന്നു. എഴുതപ്പെട്ടിരിക്കുന്നപ്രകാരം കുന്തം കൊണ്ട് വിലാപ്പുറത്ത് കുത്തി. ലോകത്തിന് പാപമോചനത്തിനായി രക്തവും വെള്ളവും ഒഴുക്കി. അപ്പോൾ ഭൂമി വിറച്ചു. പാറകൾ അട്ടഹസിച്ചു. മരിച്ചവർ ഉയിത്ത് തങ്ങളുടെ കത്താവിനെ തൂക്കിയ ശപിക്കപ്പെട്ട ജനത്തിന് കഷ്ടം എന്നു പറഞ്ഞു.

ഞങ്ങളുടെ രക്ഷിതാവേ! തന്റെ കൃപയ്ക്ക് എന്നേക്കും ഞങ്ങൾ സ്തുതി പാടുന്നു. രഹസ്യങ്ങളുടെ കുഞ്ഞാടും സാദൃശ്യങ്ങളുടെ പൂണ്ണതയും ബോധങ്ങളുടെ മുദ്രയും ഞങ്ങൾക്കുവേണ്ടി സമാധാന ബലിയായിത്തിന്ന മഹാ പുരോഹിതനുമായുള്ളോവേ! തന്നെ അയച്ച

പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു. മനുഷ്യസ്നേഹമുള്ളവനേ, മേലുള്ളവരിൽ നിന്നും താഴെയുള്ളവരിൽ നിന്നും തനിക്കു സ്തുതി. തന്റെ കുരിശാൽ സമാധാനം പ്രാപിച്ചിരിക്കുന്ന സഭ തന്നെ സ്തുതിക്കുന്നു.വഴിതെറ്റിൽ നിന്ന് താൻ രക്ഷിച്ചിട്ടുള്ള സകലരും തന്നെ ഏറ്റുപറയുകയും തന്റെ കുരിശുമരണത്താൽ സ്വതന്ത്രമാക്കപ്പെട്ടിരിക്കുന്ന ഭൂലോകം മുഴുവനും തന്നെ സ്തോത്രം ചെയ്യുകയും തനിക്കും തന്റെ പിതാവിനും പരിശുദ്ധാത്മാവിനും എന്നേക്കും സ്തുതിയും സ്തോത്രവും പാടുകയും ചെയ്യുമാറാകണമെ.

# പ്രഭാതസ്തുതിപ്പ്

കർത്താവിനെ സ്തോത്രം ചെയ്യുന്നതും അത്യുന്നതമായ തന്റെ തിരുനാമത്തിനു സ്തുതി പാടുന്നതും പ്രഭാതകാലത്ത് തന്റെ കൃപയും രാത്രികാലങ്ങളിൽ തന്റെ വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു.+

കർത്താവിനെ സ്തോത്രം ചെയ്യുന്നതും അത്യുന്നതമായ തന്റെ തിരുനാമത്തിനു സ്തുതി പാടുന്നതും പ്രഭാതകാലത്ത് തന്റെ കൃപയും രാത്രികാലങ്ങളിൽ തന്റെ വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു.+

കർത്താവിനെ സ്തോത്രം ചെയ്യുന്നതും അത്യുന്നതമായ തന്റെ തിരുനാമത്തിനു സ്തുതി പാടുന്നതും പ്രഭാതകാലത്ത് തന്റെ കൃപയും രാത്രികാലങ്ങളിൽ തന്റെ വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു.+

കർത്താവേ! പ്രഭാതത്തിൽ എന്റെ ശബ്ദം കേൾക്കണമെ. പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി തനിക്ക് കാണപ്പെടുമാറാകണമെ. കർത്താവേ! തന്റെ ജനത്തോടു കരുണ ചെയ്യണമേ. കർത്താവേ! ഞങ്ങൾ എല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളോവേ! തന്റെ വലതുതൃക്കൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് തന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തെ സൗഖ്യമാക്കണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ ര

ക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള തൻ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. +
തന്റെ കഷ്ടാനുഭവത്താൽ വഴിപിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മ്ശിഹാ ഞങ്ങൾക്കുവേണ്ടിയുണ്ടായ കർത്തൃ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

പീഡാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഡാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഡാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.

എന്റെ കർത്താവേ! സ്തുതി, പിതാവിനു ബഹുമാനവും ശുദ്ധമുള്ള റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളായ ഞങ്ങളുടെ മേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. കർത്താവേ സ്തുതി, കർത്താവേ സ്തുതി, എന്നേക്കും ഉള്ള ശരണവുമേ സ്തുതി, ബാറെക്മോർ.

അല്ലെങ്കിൽ

(ലൊക്മോർ തെശുദ്ദുഹത്തോ)

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാൎത്ഥന മ്ശിഹാ!
സ്തോത്രം കൎത്താവേ! സ്തോത്രം കൎത്താവേ!
നിത്യംശരണവുമേ!സ്തോത്രം-ബാറെക്മോർ.

സ്വൎഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ. ദോഷത്തിൽ നിന്നും രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

## വിശ്വാസപ്രമാണം

സൎവ്വ ശക്തിയുള്ള പിതാവും സ്വൎഗ്ഗത്തിന്റേയും ഭൂമിയുടേയുംകാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയുംസൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സൎവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിൎമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വൎഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീൎന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വൎഗ്ഗത്തിലേക്കു കരേറി തന്റെ

പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനുഅവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്നലോകത്തിലെപുതിയജീവനുമായിഞങ്ങൾനോക്കിപ്പാർക്കുന്നു ആമ്മീൻ

ബാറെക്മോർ സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

# ഉച്ച

(ഉച്ചയുടെ കൗമ)

തിരുവിഷ്ടത്താൽ ബലിയായിത്തീരുവാൻ എഴുന്നെള്ളുകയും ആദാമിനേയും മക്കളേയും രക്ഷിക്കുകയും ചെയ്തവനായ ബലികളെ കൈക്കൊള്ളുന്നവനേ, തനിക്കു സ്തുതി.

തന്റെ ബലിയാൽ ന്യായപ്രമാണത്തിലെ പെസഹായുടെ രഹസ്യത്തെ നിവൃത്തിയാക്കിയവനെ! താൻ വാഴ്ത്തപ്പെട്ടവനാകുന്നു.

പാപപരിഹാരബലിയും ബലിയർപ്പിക്കുന്നവനും അർപ്പിക്കപ്പെടുന്നവനും പുണ്യം നൽകുന്നവനുമേ, താൻ ഞങ്ങൾക്കു സങ്കേതസ്ഥാനമാകേണമെ.

തന്റെ പിതാവിന്റെ സന്നിധിയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കണെമെ. താൻ മൂലം പിതാവ് ഞങ്ങളോടു നിരപ്പാകണമെ. തന്റെ സോപ്പാകൊണ്ട് ഞങ്ങളുടെ മാലിന്യങ്ങളെ നിർമ്മലമാക്കണമെ. കർത്താവേ, ആദ്യന്തമില്ലാത്ത സ്നേഹത്താൽ ഞങ്ങളുടെ മേൽ താൻ പ്രീതിപ്പെട്ടു. തന്റെ മരണത്തിന്റെ ഓർമ്മ ഞങ്ങൾ അനുഷ്ഠിക്കുന്നതിനായി, തന്റെതിരുശരീരരക്തങ്ങളെ ഉടമ്പടിയായി, വിശുദ്ധ ശിഷ്യന്മാർ മൂലം ഞങ്ങളെ ഏല്പിച്ചു. ഉയരത്തിൽ മാലാഖമാർ തനിക്ക് ശുശ്രൂഷ ചെയ്കവേ, ഭൂമിയിൽ പാപിനിയായ സ്ത്രീ തന്റെ തൃപ്പാദങ്ങളിൽ തൈലം പൂശുകയും പാപമോചനത്തിനായി തന്നോടു നിലവിളിക്കുകയും ചെയ്തു. അണലിക്കുട്ടികളായ യഹൂദന്മാർ ബാശാനിലെ കാളക്കൂട്ടംപോലെ തന്നെ വളഞ്ഞു. അന്യായക്കാരനെ പിടിച്ചുകൊൾവിൻ; അതിക്രമക്കാരനെ തൂക്കുവിൻ എന്നവർ അട്ടഹസിച്ചു. തന്നെ സ്നേഹിച്ച ശിഷ്യന്മാർ ചിതറിപ്പോയി. ഇതൊക്കെയും ലോകരക്ഷയ്ക്കു വേണ്ടി സഹിച്ച മഹോന്നതനെ, തന്റെ താഴ്മയും മനുഷ്യ സ്നേഹവും എത്രയോ വാഴ്ത്തപ്പെട്ടതാകുന്നു. കരുണ നിറഞ്ഞ മ്ശിഹാതമ്പുരാനേ, തന്റെ സഭയോട് കരുണ ചെയ്യണമെ. തന്റെ ആടുകൾക്കു കേവണ്ടി പീഡ അനുഭവിച്ച നല്ല ഇടയാ! തന്റെ പീഡാനുഭവത്തിൽ സഭയുടെ കൊമ്പിനെ ഉയർത്തണമെ. തന്റെ ആട്ടിൻകൂട്ടത്തിനു വേണ്ടി രക്തമൊഴുക്കിയ നല്ല ഇട

യാ, തന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളുടെ കൂടെ ഞങ്ങളേയും ചേക്കണമെ.
പീഡാനുഭവത്തിനും കുരിശാരോഹണത്തിനും മരണത്തിനുമായി എഴുന്നള്ളിയ മൃശിഹാതമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട്, ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രിയമുള്ളവരേ, വരുവിൻ നമുക്കു വേണ്ടി പീഡയനുഭവിക്കുകയും നമ്മെ ഉയത്തുവാൻ വേണ്ടി താഴുകയും ശിക്ഷയേൽക്കുകയും പാപത്തിൽ മരിച്ച നമ്മെ ജീവിപ്പിക്കാൻ വേണ്ടി മരിക്കയും ചെയ്ത മ്ശിഹായെ മുടക്കം കൂടാതെ നമുക്ക് സ്തുതിക്കാം.
സ്വഗ്ഗസ്ഥനായ രാജാവേ, തന്റെ പീഡാനുഭവത്തിൽ ദുഃഖിച്ച് വിലപിക്കുന്ന തന്റെ സഭയോടു കരുണ ചെയ്യണമെ. തന്റെ ജനത്തെ സകല കുറ്റങ്ങളിൽ നിന്നും വീണ്ടുകൊള്ളണമെ. ദൈവപുത്രാ, തന്റെ ഇടവകയ്ക്കു വേണ്ടി ഏറ്റ അടികളാൽ അതിന്റെ കുറ്റങ്ങൾ മോചിക്കണമെ.
ഞങ്ങൾക്കു വേണ്ടി താൻ ചെയ്തിട്ടുള്ള കൃപയ്ക്കു പ്രതിഫലമായി നൽകുവാൻ, ഞങ്ങൾക്ക് ഒന്നുമില്ല. തന്റെ കൃപയ്ക്കു പകരം തന്റെ തിരുനാമത്തെ സ്തുതിച്ചു പാടുവാൻ, ഞങ്ങളെ യോഗ്യരാക്കണമെ. തന്റെ തിരുരക്തത്താൽ സമ്പാദിച്ചിട്ടുള്ള ഇടവകയോടു കരുണ ചെയ്യണമെ.
കത്താവേ, തന്റെ പീഡാനുഭവത്തിൽ ആകാശവും ഭൂമിയും ദുഃഖം ധരിക്കുകയും തന്റെ വലിയ താഴ്മയിൽ മാലാഖമാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

കൗമ

കത്താവേ! തന്റെ വരവിന്റെ മഹത്വമുള്ള ദിവസത്തിൽ കള്ളനെ എന്നതുപോലെ കരുണയോടെ ഞങ്ങളെ ഓത്തുകൊള്ളണമെ.+
കത്താവേ! തന്റെ വരവിന്റെ മഹത്വമുള്ള ദിവസത്തിൽ കള്ളനെ എന്നതുപോലെ കരുണയോടെ ഞങ്ങളെ ഓത്തുകൊള്ളണമെ.+
കത്താവേ! തന്റെ വരവിന്റെ മഹത്വമുള്ള ദിവസത്തിൽ കള്ളനെ എന്നതുപോലെ കരുണയോടെ ഞങ്ങളെ ഓത്തുകൊള്ളണമെ.+
നാഥാ! തേ, സ്തുതിയും, .... ...
സ്വഗ്ഗസ്ഥനായ പിതാവേ!

## വിശ്വാസപ്രമാണം

സവ്വ ശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയുംകാണ പ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയുംസൃഷ്ടാ വായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സവ്വലോകങ്ങൾക്കും മുമ്പിൽ പിതാ വിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സ ത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയ ല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും ത ന്നാൽ സകലവും നിമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും ന മ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹാ യിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോ സിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായപ്രകാരം മൂ ന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരി ച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വ രുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനുഅവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസി ക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കത്താവും പിതാവിൽ നിന്നു പുറ പ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്ക പ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ച വനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലി കവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വി ശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞ ങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയപ്പിനും വരുവാനിരി ക്കുന്നലോകത്തിലെപുതിയജീവനുമായിഞങ്ങൾനോക്കിപ്പാക്കുന്നു ആമ്മീൻ

ബാറെക്മോർ സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

Typed, typeset, printed and published by Joykutty, Detroit
This is a Joykutty Publication